**സബ്മിഷൻ**

## ഫ്ലാറ്റ് നിർമ്മാണ രംഗത്തെ പ്രശ്നങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, കേരളത്തിലെ ഫ്ലാറ്റ് നിർമ്മാതാക്കൾ ഉപഭോക്താക്കളെ വഞ്ചിക്കുകയും കബളിപ്പിക്കുകയും ചെയ്യുന്ന നിരവധി സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഫ്ലാറ്റ് നിർമ്മാണ - വിതരണ രംഗമാകെ കൊടുംചതിയുടേയും വിശ്വാസ വഞ്ചനയുടേയും രംഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഫ്ലാറ്റ് നിർമ്മാണരംഗത്തെ നിയന്ത്രിക്കുന്ന ശക്തമായ നിയമങ്ങൾ മറ്റ് പല സംസ്ഥാനങ്ങളിലുണ്ടെങ്കിലും കേരളത്തിൽ ഈ രംഗത്ത് ഫലപ്രദമായ നിയമങ്ങളൊന്നുംതന്നെ ഉണ്ടായിട്ടില്ല. ഫ്ലാറ്റിന്റെ പണിപോലും തുടങ്ങാതെ വില മുഴുവൻ ഈടാക്കി അതെല്ലാം തിരിമറിചെയ്ത് സ്വന്തമാക്കി ആയിരക്കണക്കിന് ആളുകളെ വഞ്ചിക്കുകയും വഴിയാധാരമാക്കുകയും ചെയ്ത നിർമ്മാതാക്കൾ കേരളത്തിൽ ധാരാളമുണ്ട്. ഫ്ലാറ്റ് വാഗ്ദാനം ചെയ്ത് ജനങ്ങളിൽ നിന്നും പണം വാങ്ങുന്ന നിർമ്മാതാക്കൾ വേറേയുമുണ്ട്. സമ്മോഹന വാഗ്ദാനങ്ങൾ നൽകിയും വലിയ പരസ്യം കൊടുത്തുമാണ് ഇവർ ആളുകളെ ആകർഷിക്കുന്നത്. എന്നാൽ പണി തീർത്തുതരുന്ന ഫ്ലാറ്റുകളിൽ മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഒന്നുംതന്നെ ഉണ്ടാകാറില്ല. നിശ്ചിത സമയത്ത് പണിതീർത്ത് കൊടുക്കാറുമില്ല.

ബാങ്കുകളിൽ നിന്നും ഉയർന്ന പലിശയ്ക്ക് പണം കടമെടുത്താണ് അധികമാളുകളും ഫ്ലാറ്റുകൾ വാങ്ങുന്നത്. അങ്ങനെയുള്ളവർക്ക് അഞ്ചും ആറും വർഷം താമസംവരുത്തി പണി പൂർത്തിയാകുമ്പോഴുള്ള നഷ്ടം വളരെ വലുതാണ്. നിർമ്മാതാക്കൾ ഒരു പൈസപോലും മുടക്കില്ല. സ്ഥലത്തിന്റെ രജിസ്ട്രേഷൻതുക സഹിതം എല്ലാം ഉപഭോക്താക്കളിൽനിന്ന് ഫ്ലാറ്റിന്റെ പണി തുടങ്ങുന്നതിന് മുമ്പുതന്നെ ബാങ്ക് ലോണായി നിർമ്മാതാവ് വസൂലാക്കുന്നു. ഈ അവസ്ഥ നിയന്ത്രിക്കുന്നതിനുവേണ്ടി സർക്കാർ പുറപ്പെടുവിച്ചതാണ് 2015-ലെ കേരള റിയൽ എസ്റ്റേറ്റ് റഗുലേഷൻ ആന്റ് ഡെവലപ്മെന്റ് ഓർഡിനൻസ്. എന്നാൽ കൊള്ള നിയന്ത്രിക്കുന്നതിന് ഈ ഓർഡിനൻസ് കൊണ്ട് യാതൊന്നും ചെയ്യുന്നില്ലെന്ന് മാത്രമല്ല നിർമ്മാതാക്കളെ സഹായിക്കുകയും ചെയ്യുന്നു. പുതിയ നിയമം വരുന്നതോടുകൂടി നാട്ടുകാരുടെ പണം മുടക്കി ബിസിനസ് ചെയ്യുന്ന നിർമ്മാതാക്കൾക്ക് സ്വന്തം മുതൽമുടക്ക് വേണ്ടെന്നുമാത്രമല്ല പിരിച്ചെടുത്ത തുകയിൽനിന്നും അൻപതു ശതമാനത്തിൽ കുറയാത്ത തുക വകമാറ്റി ചെലവഴിക്കാനും കഴിയും. ഫ്ലാറ്റ് പണിയാൻ കൊടുക്കുന്ന തുകയിൽനിന്ന് അൻപത് ശതമാനത്തിൽ കുറയാത്ത തുക വഴിമാറ്റിച്ചെലവാക്കാൻ അനുവദിക്കുന്ന ഈ നിയമം ഭരണഘടനാ വിരുദ്ധമാണ്. ഒരു പ്രോജക്ട് രജിസ്റ്റർ ചെയ്യണമെങ്കിൽ പ്രോജക്ട് കോസ്റ്റിന്റെ മുപ്പത് ശതമാനമെങ്കിലും നിർമ്മാതാക്കൾ

സ്വന്തമായി കണ്ടെത്തി പ്രോജക്ടിനുവേണ്ടി തുടങ്ങുന്ന എസ്ക്രോ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും പ്രോജക്ട് തീർന്നതിനുശേഷം മാത്രം പ്രസ്തുത തുക പിൻവലിക്കാൻ അനുവദിക്കുന്നതുമായ ഒരു നിയമം കൊണ്ടുവന്നാൽ മാത്രമെ സാധാരണക്കാരനെ ഈ തട്ടിപ്പിൽനിന്നും രക്ഷപ്പെടുത്താൻ കഴിയൂ. അതിനുള്ള നടപടി സർക്കാർ എടുക്കണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. കേരളത്തിൽ പല സ്ഥലങ്ങളിലും ചില ഫ്ലാറ്റ് നിർമ്മാതാക്കൾ ഉപഭോക്താക്കളിൽനിന്നും യാതൊരു തരത്തിലുള്ള മാനദണ്ഡമോ നിയന്ത്രണമോ ഇല്ലാതെ പണം പിരിച്ചെടുക്കുകയും കരാർ പ്രകാരമുള്ള സൗകര്യങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്നുണ്ട്. ആകർഷകമായ ബ്രോഷറുകൾ അച്ചടിച്ചും കേരളത്തിനകത്തും വിദേശത്തുമുള്ള ഫൈവ് സ്റ്റാർ ഹോട്ടലുകളിൽ ലോഞ്ചിംഗ് ചടങ്ങുകൾ നടത്തിയുമാണ് ഇവർ ഉപഭോക്താക്കളെ വലയിലാക്കുന്നത്. ഏകദേശം രണ്ടായിരം കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച പല കെട്ടിടങ്ങളും തർക്കങ്ങൾ കാരണം പാതിവഴിയിൽ ഉപേക്ഷിച്ച നിലയിൽ കിടക്കുന്നുണ്ട്. ഫ്ലാറ്റ് നിർമ്മിച്ച് നൽകിയാൽതന്നെയും മോശമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കുക,

കരാർപ്രകാരമുള്ള സൗകര്യങ്ങളിൽ കുറവ് വരുത്തുക, ബിൽഡറുടെ ഉടമസ്ഥതയിൽ ഇല്ലാത്ത സ്ഥലത്ത് നിർമ്മാണം നടത്തുക, പറഞ്ഞ സമയത്ത് നിർമ്മിച്ച് നൽകാതിരിക്കുക തുടങ്ങി അനേകം പരാതികൾ ഈ മേഖലയിൽനിന്ന് ഉയർന്നുവന്നു. സാധാരണക്കാർ കബളിപ്പിക്കപ്പെടാതിരിക്കാനുള്ള ഒരു നിയമം മുൻകാലങ്ങളിൽ ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിലാണ് ഇവ നിയന്ത്രിക്കുന്നതിന് ഒരു നിയമം കൊണ്ടുവരാൻ സർക്കാൻ നിർബന്ധിതമായത്. ഇതനുസരിച്ച് 2015 മെയ് - 4 ന് കേരള റിയൽ എസ്റ്റേറ്റ് ഡെവലപ്മെന്റ് ഓർഡിനൻസ് ഗവർണർ പുറപ്പെടുവിച്ചു. ഫ്ലാറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ അടക്കമുള്ള ഗാർഹിക-വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെയും സ്ഥലങ്ങളുടേയും വിൽപ്പനയും നിർമ്മാണവും നിയമവിധേയമാക്കുകയും ഈ മേഖലയെ സുതാര്യമാക്കുകയുമാണ് റിയൽ എസ്റ്റേറ്റ് ഓർഡിനൻസിലൂടെ സർക്കാർ ചെയ്തത്. വിൽപ്പനയ്ക്കായി നിർമ്മിക്കുന്ന ഗാർഹിക, വാണിജ്യ, ഓഫീസ്, ബിസിനസ്, ഐ.റ്റി. കെട്ടിടങ്ങളുടെ നിർമ്മാണവും സ്ഥലങ്ങളുടെ വിൽപ്പനയും പരിപാലനവും കൈമാറ്റവുമടക്കമുള്ള കാര്യങ്ങൾ നിയമവിധേയമാക്കാനും വികസനോന്മുഖമാക്കാനുംവേണ്ടി റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയെന്നും റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലെന്നും രണ്ട് സ്ഥാപനങ്ങൾ രൂപീകരിക്കുവാനും

മറ്റ് അനുബന്ധ കാര്യങ്ങൾ നടപ്പിലാക്കാനുമാണ് ഈ ഓർഡിനൻസുകൊണ്ട് ഉദ്ദേശിക്കുന്നത്. ട്രിബ്യൂണൽ ചെയർമാൻ ഹൈക്കോടതി ജഡ്ജിയുടെ പദവിയിലുള്ള ആളായിരിക്കും. വിൽപ്പനയ്ക്കായി നിർമ്മിക്കുന്ന നിശ്ചിത വിസ്തീർണ്ണത്തിലോ എണ്ണത്തിലോ കൂടുതലുള്ള എല്ലാ റസിഡൻഷ്യൽ, കൊമേഴ്സ്യൽ ബിസിനസ്, ഐ.റ്റി. കെട്ടിടങ്ങളും അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണം. കെട്ടിടം വാങ്ങുന്നവരുമായി നിശ്ചിത രൂപത്തിലുള്ള കരാറിലേർപ്പെടണം. ഈ കരാറിൽ പദ്ധതിയുടെ വിസ്തീർണ്ണം, തുക, പൂർത്തിയാകുന്ന തീയതി എന്നിവ രേഖപ്പെടുത്തിയിരിക്കണം. സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കി ഉടമയ്ക്ക് കൈമാറിയില്ലെങ്കിൽ നഷ്ടപരിഹാരം നൽകാനും വ്യവസ്ഥയുണ്ട്. കൂടാതെ കൈമാറ്റം ചെയ്ത് രണ്ടുവർഷത്തിനകം ബിൽഡറുടെ കുറ്റംമൂലമുണ്ടാകുന്ന അപാകതകൾ പരിഹരിക്കാനും ബിൽഡർ ബാദ്ധ്യസ്ഥനാണ്. കെട്ടിടം വാങ്ങുന്നവരിൽനിന്നും വാങ്ങുന്ന തുകയുടെ 70% ൽ കുറയാത്ത തുക ബാങ്കിൽ നിക്ഷേപിക്കേണ്ടതും അതാത് കെട്ടിടത്തിനുമാത്രം ഉപയോഗിക്കേണ്ടതുമാണ്. ഒരു പദ്ധതിയുടെ പണം മറ്റൊരു പദ്ധതിയിലേയ്ക്ക് വകമാറ്റി ചെലവഴിക്കാൻ പാടില്ല. അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് പത്തു ശതമാനത്തിൽ കൂടുതൽ തുക കൈപ്പറ്റുന്നത് നിയമംമൂലം വിലക്കിയിട്ടുണ്ട്. രാജ്യത്ത് മഹാരാഷ്ട്രയിൽ മാത്രമാണ് ഇത്തരമൊരു നിയമം

നടപ്പിലാക്കിയിട്ടുള്ളത്. റിയൽ എസ്റ്റേറ്റ് ബിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ വിളിച്ചുചേർത്ത വിവിധ സംസ്ഥാനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗത്തിൽ കേരളാ റിയൽ എസ്റ്റേറ്റ് നിയമത്തെ പ്രശംസിക്കുകയുണ്ടായി. കേരള നിയമത്തിലുള്ള വ്യവസ്ഥകൾ പലതും പ്രായോഗികവും അനുകരിക്കാവുന്നതുമാണെന്ന് കേന്ദ്രം വിലയിരുത്തി. റസിഡൻഷ്യൽ ഫ്ലാറ്റുകൾ മാത്രം ഉൾപ്പെടുത്തിയാണ് കേന്ദ്ര റിയൽ എസ്റ്റേറ്റ് ബിൽ തയ്യാറാക്കിയിരുന്നത്. കേരളത്തിൽ റസിഡൻഷ്യൽ കെട്ടിടങ്ങളോടൊപ്പം വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ വന്നു. റിയൽ എസ്റ്റേറ്റ് അതോറിറ്റി രൂപീകരിക്കുന്നതു സംബന്ധിച്ചുള്ള ചട്ടങ്ങൾ സർക്കാർ ഉണ്ടാക്കിവരികയാണ്. അടുത്ത മാസം അവസാനത്തോടുകൂടി അതോറിറ്റി പൂർണ്ണമായും പ്രവർത്തനസജ്ജമാകും. അതോടുകൂടി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

## പട്ടയം ലഭ്യമാക്കൽ

ശ്രീ. ഇ. പി. ജയരാജൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെടുന്ന ഇരിട്ടി താലൂക്കിലെ വടിയൂർ വില്ലേജിലെ ആര്യങ്കോട് പ്രദേശത്ത് താമസിക്കുന്ന നൂറിലധികം വരുന്ന കുടുംബാംഗങ്ങൾക്ക് അവരുടെ കൈവശ ഭൂമിക്കുള്ള രേഖയും

പട്ടയവും ലഭിക്കാതെ ഒട്ടനവധി ജീവിത പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പത്തൻപത് വർഷത്തിലധികം കൈവശം വച്ചുവരുന്ന ഭൂമിയാണ്. അവർക്ക് ബാങ്കിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിന് ഗ്യാരന്റി കൊടുക്കുവാനോ, കുട്ടികളുടെ വിവാഹം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള വായ്പയോ പണമോ ലഭ്യമാക്കാൻ കഴിയാതെ വലിയ പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മേൽപ്പറഞ്ഞ കാരണത്താൽ അവർക്ക് ഭൂനികുതി അടയ്ക്കാൻ സാധിക്കുന്നില്ല. അൻപതിലധികം വർഷമായിട്ട് ഇന്നുള്ള പലരുടേയും പൂർവികന്മാർ കൈവശംവച്ച് പിന്നീട് പരമ്പരാഗതമായി അനുഭവിച്ചുവരുന്ന ഭൂമിയാണ്. അവർ അവിടെ വീടുകളും ഉഭയങ്ങളും ഉണ്ടാക്കിയിട്ടുണ്ട്, കൃഷിചെയ്തുവരുന്ന പ്രദേശങ്ങളുണ്ട്. കൂടാതെ തെങ്ങുകളും, പ്ലാവുകളും മാവുകളുമുള്ള പ്രദേശങ്ങളാണ്. പക്ഷെ ആ ഭൂമിയ്ക്ക് നികുതി വാങ്ങുകയോ കൈവശരേഖ കൊടുക്കുകയോ പട്ടയം കൊടുക്കുകയോ ചെയ്യുന്നില്ല. ഇപ്പോൾ ലാന്റ് റിഫോംസ് ആക്ടിലെ 7 (ഇ) ചട്ടപ്രകാരം ഇത് ഭേദഗതി വരുത്തിയിട്ടുണ്ടെങ്കിലും അതിന്റെ ആനുകൂല്യം കൃഷിക്കാർക്ക് ലഭിക്കുന്നില്ല. ഗവൺമെന്റ് ഉത്തരവല്ലെങ്കിൽപ്പോലും ഇപ്പോൾ പറഞ്ഞുകേൾക്കുന്നത് അതിനായി 27(A) യിൽ അപേക്ഷ നൽകണമെന്നാണ്. ആർക്ക് അപേക്ഷ കൊടുക്കണമെന്നോ, എവിടെ

കൊടുക്കണമെന്നോ ഇതിന്റെ ഫോം എവിടെനിന്ന് ലഭിക്കുമെന്നോ ഒന്നും വ്യക്തമല്ല. ആര്യങ്കോട് ഭൂമിയിലെ കർഷകർക്ക് കൈവശരേഖയും പട്ടയവും നൽകുന്നതിനുവേണ്ടിയുള്ള നടപടി എന്നുള്ള നിലയിൽ 2008 ഡിസംബർ മാസം ലാന്റ് ബോർഡ് സെക്രട്ടറി, ഇവർക്കിത് അനുവദിച്ചു കൊടുക്കാവുന്നതാണ് എന്നു പറഞ്ഞുകൊണ്ട് ഗവൺമെന്റിന് രേഖാമൂലം റിപ്പോർട്ട് നൽകിയിട്ടുണ്ട്. നേരത്തെ ഇത് തളിപ്പറമ്പ് താലൂക്കിന്റെ ഭാഗമായിരുന്നു. അതനുസരിച്ച് തളിപ്പറമ്പ് താലൂക്ക് സർവ്വേയർ ഈ ഭൂമി മുഴുവൻ അളന്ന് തിട്ടപ്പെടുത്തി തയ്യാറാക്കിവച്ചിരിക്കുകയാണ്. പക്ഷേ കൈവശരേഖയോ പട്ടയമോ നൽകുന്നില്ല. ഇത് ആര്യങ്കോട് പ്രദേശത്തെ മാത്രം പ്രശ്നമല്ല, എന്റെ മണ്ഡലത്തിൽതന്നെ തലശ്ശേരി താലൂക്കിൽ ഇതുപോലുള്ള ഒട്ടനവധി പ്രശ്നങ്ങൾ ഞങ്ങളുടെ മുന്നിൽ വരുന്നുണ്ട്. ഉദാഹരണത്തിന് മാലൂർ പഞ്ചായത്തിൽ ഭൂമി കൈവശമുള്ള 60 കൃഷിക്കാർ കുറച്ചുകാലം മുമ്പ് നികുതി അടച്ചിരുന്നു. പക്ഷേ, കഴിഞ്ഞ കുറെ വർഷങ്ങളായി നികുതി വാങ്ങുന്നില്ല. അവർ വില്ലേജ് ആഫീസിൽ പോകുമ്പോൾ വാങ്ങാൻ പാടില്ലെന്ന് മുകളിൽ നിന്നുള്ള ഉത്തരവുണ്ട് എന്നാണ് പറയുന്നത്. ഇതിനൊക്കെ ന്യായം പറയുന്നത് മിച്ചഭൂമിയായി കണക്കാക്കപ്പെട്ടിട്ടുള്ള ഭൂമിയുടെ പരിധിക്കകത്ത് ഇതുൾപ്പെട്ടിരിക്കുന്നു എന്നാണ്. ഇവർ നിരപരാധികളാണ്. കൃഷിക്കാർ എത്രയോ വർഷം മുമ്പ് പണം കൊടുത്ത്

തീറുവാങ്ങി അനുഭവിച്ചുവരുന്ന ഭൂമിയാണിത്. ആ ഭൂമിയാണ് ഇപ്പോൾ സാങ്കേതിക പ്രശ്നം പറഞ്ഞ് അവർക്ക് നീതി നിഷേധിക്കപ്പെടുന്നത്. അതുകൊണ്ട് മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂർ പഞ്ചായത്തിലെ ആര്യങ്കോട്, മാലൂർ പഞ്ചായത്തിലെ മാലൂർ തുടങ്ങിയിട്ടുള്ള സ്ഥലങ്ങളിലെ കൈവശ കൃഷിക്കാർക്ക് കൈവശഭൂമിക്ക് രേഖ കൊടുക്കാനും പട്ടയം കൊടുക്കാനും അടിയന്തര നടപടി എന്നുള്ള നിലയിൽ ഇവരിൽനിന്ന് നികുതി വസൂലാക്കി അവർക്ക് സംരക്ഷണം നൽകാനും ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്നതാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ള വിഷയം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, തളിപ്പറമ്പ് താലൂക്കിൽ ലാന്റ് ബോർഡിന്റെ 15.7.1980-ലെ 1873/73/ടി.എൽ.ബി. നം. ഉത്തരവ് പ്രകാരം സി. ഇമ്മാനുവൽ, രാമപുരത്ത്-നിന്നും കണ്ണൂർ ജില്ലയിലെ ഇരട്ടി താലൂക്കിൽ പടിയൂർ വില്ലേജിലെ ആര്യങ്കോട് പ്രദേശത്ത് റീസർവ്വേ നമ്പർ 1/1 -ൽ പെട്ട 52.34500 ഏക്കർ മിച്ച ഭൂമി ഏറ്റെടുക്കാൻ ഉത്തരവായി. എന്നാൽ 1978 മുതൽ ടി ഭൂമിയിൽ കയ്യേറ്റം ആരംഭിക്കുകയും അവരിൽ ചിലർ വീടുവച്ച് താമസിക്കുകയും ചെയ്തുവരുന്നു. നാട്ടുകാരുടെയും കയ്യേറ്റക്കാരുടെയും സംഘടിതമായ ചെറുത്തുനിൽപ്പ

കാരണം ടി മിച്ചഭൂമി ഏറ്റെടുക്കാൻ സാധിച്ചിരുന്നില്ല. 1980-ൽ 11 കയ്യേറ്റക്കാർ മാത്രമുണ്ടായിരുന്നത് ക്രമേണ വർദ്ധിച്ച് മുഴുവൻ മിച്ചഭൂമിയും കയ്യേറിയിട്ടുണ്ട്. നിലവിൽ റീസർവ്വേ നം.53/1,53/2,54 എന്നീ സർവ്വേ നമ്പറുകളിലായി 18.5527 ഹെക്ടർ അതായത് 45.84 ഏക്കർ സ്ഥലം പുറമ്പോക്ക്, കേരള സർക്കാർ എന്ന പേരിലാണ് റിക്കാർഡിലുള്ളത്. ടി ഭൂമി 100 പ്ലോട്ടായി തിരിച്ചിട്ടുള്ളതിൽ 73 വീടുകൾ ഉള്ളതായി കാണുന്നു. ഒന്നിലധികം പ്ലോട്ടുകൾ കൈവശം വയ്ക്കുന്നവരും വീടുവച്ച് താമസിക്കാത്ത കയ്യേറ്റങ്ങളും കാണുന്നു. കയ്യേറി താമസിക്കുന്നവർക്ക് ടി ഭൂമിയുടെ രേഖകളൊന്നുമില്ലെന്നാണ് അന്വേഷണത്തിൽ അറിയുന്നത്. സംഘടിതരായ കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ സാധിക്കില്ല എന്നും ടി ഭൂമി കയ്യേറി താമസിക്കുന്നവർക്ക് പതിച്ചുനൽകിയാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ എന്നും ഇരട്ടി തഹസീൽദാർ അറിയിച്ചിട്ടുണ്ട്. കൈവശക്കാർക്ക് അർഹതപ്രകാരം പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം അളന്ന് തിട്ടപ്പെടുത്തി സ്കെച്ചും മഹസറും സഹിതം വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മിച്ചഭൂമി ആണെന്നറിയാതെ കബളിപ്പിക്കപ്പെട്ട ആളുകൾക്ക് 7(ഇ) യുടെ ആനുകൂല്യം ലഭ്യമാകണമെന്നുള്ളതാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഈ

അമന്റ്മെന്റ് ആക്ട് ഇവിടെ കൊണ്ടുവന്നതുതന്നെ അത്തരത്തിൽ കബളിപ്പിക്കപ്പെട്ട ആളുകൾക്ക് അവരുടെ കൈവശമുള്ള ഭൂമിയുടെ അവകാശം നൽകുന്നതിനുവേണ്ടിതന്നെയാണ്. ഇന്ന് കേരളത്തിലെ ഇത്തരത്തിൽ കബളിപ്പിക്കപ്പെട്ട എല്ലാ ആളുകൾക്കും അതിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതാണ്. മാത്രമല്ല ഈ ഗവൺമെന്റിന്റെ പോളിസി എന്നുപറയുന്നത് നിയമാനുസൃതം കൈവശമുള്ള ആളുകളുടെ ഭൂമിക്കുള്ള അവകാശം നൽകണമെന്നുതന്നെയാണ്. അതുകൊണ്ട് പട്ടയം നൽകുന്ന കാര്യത്തിൽ അടിയന്തരമായി അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുമാത്രമല്ല ആര്യങ്കോട് പോലുള്ള മറ്റുള്ള പ്രദേശങ്ങളുടെ കാര്യം കൂടി അങ്ങ് സൂചിപ്പിച്ചിട്ടുണ്ട്. തീർച്ചയായിട്ടും തലശ്ശേരി താലൂക്ക് എന്നുമാത്രം ഞാൻ പറയുന്നില്ല, കേരളത്തിൽ ഏത് പ്രദേശത്താണെങ്കിലും ഇത്തരത്തിൽ ജനങ്ങൾ വളരെ വർഷങ്ങളായി കൈവശം വച്ച് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഭൂമിയുടെ അവകാശം തീർച്ചയായും അവർക്ക് നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

<u>ആനവേട്ട</u>

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, റൂൾ 50 അനുസരിച്ച് ഞാൻ നോട്ടീസ് നൽകിയിട്ടുള്ള ഒരു വിഷയമാണിത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ

നേരത്തെ സബ്മിഷനിലൂടെ അവതരിപ്പിച്ചു എന്നുള്ള കാരണം പറഞ്ഞുകൊണ്ടാണ് വളരെ പ്രധാനപ്പെട്ട ഈ വിഷയം അടിയന്തരപ്രമേയമായി അവതരിപ്പിക്കുന്നതിൽനിന്നും ബഹുമാനപ്പെട്ട സ്പീക്കർ വിലക്കിയത്. സബ്മിഷനായിട്ടാണ് അവതരിപ്പിക്കുന്നതെങ്കിലും ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. വൈലോപ്പള്ളി ശ്രീധരമേനാൻ, സഹ്യന്റെ മകൻ എന്ന് വിശേഷിപ്പിച്ച ആനകൾ നമ്മുടെ കേരളത്തിന്റെ വനംമേഖലയിലെ വലിയ സമ്പത്താണ്. ഷെഡ്യൂൾ - 1 ൽപെട്ട ഒരു വന്യമൃഗമാണ് ആന. എന്നാൽ നമ്മുടെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ വെള്ളാനകളുടെ ഭരണത്തിൽ വനമേഖല സഹ്യന്റെ മകനായ ആനകളുടെ കൊലക്കളമായി മാറിയിരിക്കുകയാണ്. 27 ആനകളെയാണ് കഴിഞ്ഞ 10-12 മാസത്തിനകത്ത് നമ്മുടെ കാട്ടിനകത്ത് വെടിവച്ചുകൊന്നത്. മൂന്നു നാലു വർഷത്തിനുള്ളിൽ 37 ആനകൾ പ്ലാസ്റ്റിക്കുകൾ ഭക്ഷിച്ചും പടക്കങ്ങൾ കടിച്ചതുമൊക്കെയായി മറ്റുപല കാരണങ്ങളാൽ ചരിഞ്ഞുപോയിട്ടുണ്ട്. അതിനുപുറമെ 27 ആനകളെ ഈ കാട്ടിനകത്ത് ആനവേട്ടക്കാരുടെ സംഘം കയറി വെടിവച്ചു കൊന്നു. ഈ ആനവേട്ട കണ്ടുപിടിച്ചത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ വൈഭവംകൊണ്ടല്ല എന്നതാണ് അതിലെ ഏറ്റവുംവലിയ പ്രശ്നം. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് സ്വമേധയാ കണ്ടുപിടിച്ചതല്ല. ഈ ആനവേട്ടയിൽ പങ്കെടുത്ത,

നേരത്തെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ ടെമ്പററി വാച്ചറായി ജോലി ചെയ്തിരുന്ന കുഞ്ഞുമോൻ എന്നയാൾ ഇതുസംബന്ധിച്ച് കരിമ്പാലി ഫോറസ്റ്റ് ഓഫീസിൽ വന്ന് സ്വമേധയാ മൊഴി നൽകി. ഇങ്ങനെ മൊഴി നൽകിയ കുഞ്ഞുമോന് ഭ്രാന്താണെന്നു പറഞ്ഞ് അവിടെനിന്നും പറഞ്ഞുവിട്ടു. അതിനുശേഷം ഇടമലയാർ ഫോറസ്റ്റാഫീസിൽ പോയി വീണ്ടും അദ്ദേഹം മൊഴി നൽകി. ആ മൊഴി പ്രകാരം കുഞ്ഞുമോൻ പറഞ്ഞ നാലഞ്ച് സ്ഥലങ്ങൾ പരിശോധിച്ച് ആനയുടെ ജഡം കണ്ടെത്തിയപ്പോഴാണ് ഫോറസ്റ്റുദ്യോഗസ്ഥർക്ക് ഇത് മനസ്സിലായത്. ആനവേട്ടയിൽ ഒരു കുട്ടിക്കൊമ്പനെ വെടിവച്ചുകൊന്നതിന്റെ പേരിൽ ഈ കുഞ്ഞുമോനെതിരെ കേസ്സെടുത്ത് ഇപ്പോൾ ജയിലിൽ അടച്ചിരിക്കുകയാണ്. ആ കേസ്സിന്റെ അന്വേഷണം ആരംഭിക്കുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് ഒരു താല്പര്യവുമുണ്ടായിരുന്നില്ല. ഈ ഡിപ്പാർട്ടുമെന്റിന്റെ താല്പര്യക്കുറവിന്റെ ഫലമായിട്ടാണ് ഈ ആനകളെയെല്ലാം വെടിവച്ചു കൊല്ലുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ വളരെ പ്രധാനപ്പെട്ട 'പ്രോജക്ട് എലിഫെന്റ്' എന്നുപറയുന്ന പ്രോജക്ട് നടപ്പാക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. കേരളത്തിലെ സുപ്രധാനമായ വനംമേഖലയിലെ ഷെഡ്യൂൾ-1 ൽ പെട്ടിരിക്കുന്ന ഈ വന്യമൃഗങ്ങളെ സംരക്ഷിക്കാൻ വേണ്ടി 200 കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റ് നൽകിയിരിക്കുന്നത്.

വനത്തിലെ ഈ മൃഗത്തെ സംരക്ഷിക്കുന്നതിനുവേണ്ടി കൊടുത്ത 200 കോടി രൂപ ഉപയോഗിക്കുന്ന ഒരു കാലഘട്ടത്തിലാണ് കേരളത്തിലെ 27 ആനകളെ ആനവേട്ടക്കാർ കൊന്ന് കൊമ്പെടുത്തിരിക്കുന്നത്. ഇവിടെ കൊന്നിരിക്കുന്നത് അധികവും കൊമ്പന്മാരായിട്ടുള്ള ആനകളെയാണ്. ആനകളുടെ ജീവിതരീതി അനുസരിച്ച് അവ കൂട്ടമായിട്ടാണ് ജീവിക്കുന്നത്. പത്തോ ഇരുപതോ വരുന്ന പിടിയാനകളുടെ കൂട്ടത്തിൽ ഒരു കൊമ്പനുണ്ടായിരിക്കും. അങ്ങനെയുള്ള വിവിധങ്ങളായ ഗ്രൂപ്പുകളായാണ് ആനകൾ ജീവിച്ചുകൊണ്ടിരിക്കുന്നത്. അതിനകത്ത് ഒരു കൊമ്പൻ കൊല്ലപ്പെട്ടുകഴിഞ്ഞാൽ ആ ഗ്രൂപ്പിന്റെ പ്രജനനം അവസാനിക്കുകയാണ്. അങ്ങനെ 28 ആനകൾ ഒരു കൊല്ലംകൊണ്ട് കൊല്ലപ്പെട്ടു കഴിഞ്ഞാൽ എത്രയോ ഗ്രൂപ്പുകൾ നഷ്ടപ്പെട്ടുപോകുന്നു. 1200 കൊമ്പനാനകൾ മാത്രമാണ് കേരളത്തിലുള്ളതെന്നാണ് അവസാനമായി കിട്ടിയിരിക്കുന്ന കണക്കെടുപ്പ്. 1200 കൊമ്പനാനകളിൽ ബഹുഭൂരിപക്ഷവും കൊല്ലപ്പെട്ടു പോയിരിക്കുന്നു എന്നതാണ് വസ്തുത. 1200 എന്നുപറയുന്നത് ഫോറസ്റ്റുകാരുടെ കണക്കാണ്.

മി. ചെയർമാൻ : യെസ്.......

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഇതിന് കുറച്ചു സമയം കൂടി തരണം.

മി. ചെയർമാൻ : സമയം കൂടുതലായി തരാമെന്ന് പറഞ്ഞിട്ടില്ല. സബ്മിഷനായി അവതരിപ്പിക്കാമെന്നാണ് പറഞ്ഞത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സംസ്ഥാനത്ത് പി.സി.എഫ്. മാരെയും പി.സി.സി.എഫ്.മാരെയും തട്ടി നടക്കാൻ കഴിയുകയില്ല. ഏകദേശം ഇരുപതോളം വരുന്ന പി.സി.സി.എഫ്.മാരും പി.സി.എഫ്.മാരും ഈ സംസ്ഥാനത്തുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെന്റിലോ പോലീസ് ഡിപ്പാർട്ടുമെന്റിലോ ഉള്ള ഉദ്യോഗസ്ഥർ യൂണിഫോമിടും, എന്നാൽ യൂണിഫോം ഇടാത്ത വെള്ളാനകളാണ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ എല്ലാ ഉദ്യോഗസ്ഥന്മാരും. ഈ ഉദ്യോഗസ്ഥരിൽ ആരെങ്കിലും ഒരാൾ ഫോറസ്റ്റിനകത്ത് പോയിട്ടുണ്ടോ? 99 ശതമാനം ഉദ്യോഗസ്ഥന്മാരും ഫോറസ്റ്റിനകത്ത് പോകില്ല. അവർ തിരുവനന്തപുരത്ത് വഴുതക്കാടുള്ള ഓഫീസിൽ ഇരിക്കുകയാണ്. അവർക്ക് ചുറ്റും കുറച്ച് ഫോറസ്റ്റ് ഉണ്ടാക്കിവച്ചിട്ടുണ്ട്. സ്വന്തമായി അവരുണ്ടാക്കിയ ഫോറസ്റ്റിനകത്ത് ഇരുന്നുകൊണ്ട് ആനക്കൊള്ളക്കാർക്ക് കൂട്ടുനിൽക്കുന്ന കള്ളന്മാരായി ഈ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ മാറിയിരിക്കുകയാണ്. ഇവർ പരസ്പരം കണ്ടാൽപോലും മിണ്ടില്ല. ഈ പി.സി.എഫ്.-മാർ തമ്മിലുള്ള ചക്കളത്തി പോരാട്ടം, ഗ്രൂപ്പുകളിയാണ്. നമ്മുടെ മന്ത്രിയാണെങ്കിൽ മുത്തപ്പന്റെ വഞ്ചി,

കുത്തുമ്പോൾ കുത്തും എത്തുമ്പോൾ എത്തും എന്ന മട്ടിൽ ഒരു താല്പര്യവുമില്ലാതെയാണ് ഇരിക്കുന്നത്. അദ്ദേഹം കേരളത്തിലെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ആളാണ്, നല്ല മനുഷ്യനാണ്, എന്റെ സുഹൃത്താണ്. പക്ഷേ, യു.ഡി.എഫ്. അദ്ദേഹത്തെ താഴ്ത്തി, താഴ്ത്തി ട്രാൻസ്പോർട്ട് വകുപ്പും ഫോറസ്റ്റ് വകുപ്പും അദ്ദേഹത്തിന് ഏല്പിച്ചുകൊടുത്തിരിക്കുകയാണ്. അദ്ദേഹത്തിന് ഒരു താല്പര്യവുമില്ല. അദ്ദേഹത്തിന്റെ താല്പര്യക്കുറവുമൂലം അവിടെ എന്തും നടക്കുന്ന സ്ഥിതിയാണ് ഉണ്ടായിരിക്കുന്നത്. ഫോറസ്റ്റിനകത്ത് ആനകളെ മാത്രമല്ല മ്ലാവ്, മാൻ, കാട്ടുപോത്ത് തുടങ്ങിയ മൃഗങ്ങളെയൊക്കെ കൊല്ലുന്നു. നമ്മുടെ ഫോറസ്റ്റിനകത്ത് ഇതുപോലൊരു സമാന്തര സമ്പദ്ഘടനയുണ്ട്. അവിടെ കാട്ടുപോത്തുകളെ കൊന്ന ഇറച്ചി, ആനക്കൊമ്പ് വേട്ട തുടങ്ങിയ പലകാര്യങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. എന്നിട്ട് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് എന്താണ്....

<u>മി. ചെയർമാൻ</u>: ശ്രീ. വി. എസ്. സുനിൽ കുമാർ........... come to the point please .......................

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഞാൻ പോയിന്റിലേയ്ക്ക് വരികയാണ്. ഇപ്പോൾ ആനവേട്ട 'വ്യാപം' മോഡലിൽ നടന്നു കൊണ്ടിരിക്കുകയാണ്. ഈ കേസിലെ പ്രധാന പ്രതിയായ ഐക്കരമറ്റം വാസുവിനെ മഹാരാഷ്ട്രയിൽ പിടിച്ചു.

ഇതിൽ ദുരൂഹതയുണ്ട്. ഇദ്ദേഹത്തെ പിടിച്ചതല്ല, ഐക്കരമറ്റം വാസു മഹാരാഷ്ട്രയിലെ ഒരു പൈനാപ്പിൾ തോട്ടത്തിൽ മരിച്ചുകിടക്കുകയാണ്. അയാളാണ് ഈ കേസിലെ പ്രധാന പ്രതി. ഐക്കരമറ്റം വാസു ഷാർപ്പ് ഷൂട്ടറാണ്. ഇടമലയാർ മേഖലയിൽ മാത്രമല്ല കേരളത്തിലെ പല സ്ഥലങ്ങളിലുംപോയി ആനക്കൊമ്പ് വേട്ടക്കാർക്ക് ആനകളെ വെടിവച്ചുകൊടുക്കുന്ന ഒരു വേട്ടക്കാരൻ മാത്രമാണ്. ഐക്കരമറ്റം വാസുവിന് 5 സെന്റ് സ്ഥലം മാത്രേയുള്ളൂ എന്നാണ് ഇയാളെക്കുറിച്ച് ഇന്നത്തെ മംഗളം പത്രത്തിൽ വന്നിരിക്കുന്ന വാർത്ത. ഐക്കരമറ്റം വാസു മരിച്ചതിനുപിന്നിൽ ദുരൂഹതയുണ്ട്. അത് ആത്മഹത്യയാകാനിടയില്ല. കൊലപാതകമായിരിക്കും. കാരണം ഐക്കരമറ്റം വാസുവിനെ പിടിച്ചാൽ ഇതിന്റെ പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വമ്പൻ മാഫിയകളെ പിടിക്കേണ്ടിവരും. ഐവറി ട്രേഡിംഗ് അന്താരാഷ്ട്ര തലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വലിയ കൊള്ളസംഘമാണ്.

<u>മി. ചെയർമാൻ</u>: ശ്രീ. വി. എസ്. സുനിൽ കുമാർ, 6 മിനിട്ട് കഴിഞ്ഞു. പ്ലീസ്.........

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: കർണ്ണാടകയിലും തമിഴ്നാട്ടിലും ആനവേട്ടയ്ക്കെതിരെ ശക്തമായ ജാഗ്രത പ്രഖ്യാപിച്ചപ്പോൾ കേരളത്തിലെ

വനത്തിനുള്ളിൽ ഇഷ്ടംപോലെ വേട്ട നടക്കുകയാണ്. ആനകളെ വെടിവെച്ചുകൊന്ന് കൊമ്പ് കൊണ്ടുപോയി തിരുവനന്തപുരത്തും പല സ്ഥലങ്ങളിലും വിൽക്കുമ്പോൾ........ ശ്രീലങ്ക വഴി തായ്ലൻഡ്, കൊറിയ തുടങ്ങിയ മറ്റ് രാജ്യങ്ങളിൽ ഐവറി ട്രേഡിംഗ് നടത്തുന്ന വമ്പൻ മാഫിയകളുമായി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർക്ക് ബന്ധമുണ്ട്. മലയാറ്റൂർ ഡി.എഫ്.ഒ., ഐക്കരമറ്റം വാസു മഹാരാഷ്ട്രയിലുണ്ടെന്ന് ശനിയാഴ്ച അറിഞ്ഞിട്ടും കോഴിക്കോട്, തൃശ്ശൂർ, പാലക്കാട് റെയിൽവെ സ്റ്റേഷനുകളിൽ നാടകീയമായി കാത്തുനിന്നത് ഐക്കരമറ്റം വാസു മരിച്ചു എന്നറിഞ്ഞുകൊണ്ടുതന്നെയാണ്. അദ്ദേഹം ഈ കേസിലെ ഒന്നാംപ്രതി അല്ല. അയാൾക്കുമുകളിൽ, ഈ ആനവേട്ടയ്ക്കുപിന്നിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരുടെ അറിവോടുകൂടി........... ഒരാന ചരിഞ്ഞുകിടന്ന വിവരം മാസങ്ങളോളം ഇവർ അറിഞ്ഞില്ലെങ്കിൽ ...............ഇവർ ഫോറസ്റ്റിനുള്ളിൽ പോയിട്ടുണ്ടെങ്കിൽ ഒരാന ചരിഞ്ഞുകിടന്നാൽ, ആ ചീഞ്ഞ നാറ്റം......

<u>മി. ചെയർമാൻ</u>: ശ്രീ. വി. എസ്. സുനിൽ കുമാർ, 7 മിനിട്ട് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.........

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഒരു മിനിട്ടുകൂടി അനുവദിക്കണം. ഇത്

അടിയന്തരപ്രമേയമായി അവതിരിപ്പിക്കേണ്ട വിഷയമായിരുന്നു. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് അങ്ങേയ്ക്ക് സമയമെടുത്തുപറയാമെന്നാണ്. ഞാൻ രാഷ്ട്രീയം പറഞ്ഞിട്ടില്ല. അങ്ങയുടെ തലയ്ക്കുമുകളിൽ കേരളത്തിന്റെ ചിഹ്നമായ രണ്ട് ആനയിരിക്കുകയാണ്. അതുപോലെ നമ്മുടെ സംസ്ഥാന മൃഗത്തെ .........

മി.ചെയർമാൻ: പ്ലീസ് കൺക്ലൂഡ് ...............7 മിനിട്ട് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.......... ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങേയ്ക്ക് മറുപടി പറയാം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സരിസ്കാവനത്തിൽ ഏഴ് കടുവകളെ വേട്ടയാടിയതറിഞ്ഞപ്പോൾ പ്രധാനമന്ത്രി യോഗം വിളിച്ചു. ഇത്രയും ആനകളെ കൊന്നൊടുക്കിയ സാഹചര്യത്തിൽ വനം വകുപ്പുമന്ത്രി രാജിവയ്ക്കേണ്ടി വരില്ലേ....... (മൈക്ക് ഓഫ്)...................

മി. ചെയർമാൻ: ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങേയ്ക്ക് മറുപടി പറയാം........ ഒരു സബ്മിഷന് 8 മിനിട്ടിലധികം അനുവദിക്കാൻ സാധ്യമല്ല. ഇത് അടിയന്തരപ്രമേയമല്ല.

ശ്രീ. എ. കെ. ബാലൻ: ......... (മൈക്ക് ഓഫ്).............

മി. ചെയർമാൻ: പ്ലീസ് എ. കെ. ബാലൻ, please don't interfere .....

ശ്രീ. വി. എസ്. സുനിൽ കുമാർ: ...... (മൈക്ക് ഓഫ്)..........

മി. ചെയർമാൻ: ശ്രീ. വി. എസ്. സുനിൽകുമാർ, please resume your seat............... please resume your seat.................... You have no special privilege.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ വിഷയം അടിയന്തരപ്രമേയമായി അവതരിപ്പിക്കുന്നതിന് അദ്ദേഹം നോട്ടീസും വിശദീകരണക്കുറിപ്പും നൽകിയിട്ടുണ്ട്. ആ വിശദീകരണക്കുറിപ്പിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെക്കുറിച്ച് ആദ്യം പറയാം. അദ്ദേഹം പ്രോജക്ട് എലിഫന്റ് സ്കീമിനെക്കുറിച്ച് പറഞ്ഞു. വയനാട്- 1200 sq.km, നിലമ്പൂർ- 1419 sq.km, ആനമുടി- 3728 sq.km, പെരിയാർ - 3742 sq.km ഉൾപ്പെടെ ആകെ 10089 sq.km ആണ് പ്രോജക്ട് എലിഫന്റ് സ്കീമിൽ വരുന്നത്. ഈ സ്കീമിനായി ഗവൺമെന്റ് ഓഫ് ഇന്ത്യ 2010-11-ൽ മൂന്ന് കോടി അറുപത്തിരണ്ട് ലക്ഷം രൂപ, 2011-12-ൽ രണ്ടുകോടി അറുപത്തി ആറ് ലക്ഷം രൂപ, 2012-13 രണ്ടുകോടി തൊണ്ണൂറ്റിനാല് ലക്ഷം രൂപ, 2013-2014 -ൽ രണ്ടുകോടി തൊണ്ണൂറ്റിയേഴ് ലക്ഷം രൂപ, 2014-15-ൽ രണ്ടുകോടി നാൽപ്പത് ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ തന്നിട്ടുള്ള തുകയെല്ലാം നമ്മൾ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ചതിന്റെ കണക്കും എന്റെ കയ്യിലുണ്ട്. ഈ

വിശദീകരണക്കുറിപ്പിൽ നമ്മൾ ചെലവഴിച്ചില്ലായെന്നു പറഞ്ഞു. 200 കോടി രൂപ തന്നു എന്ന് വിശദീകരണക്കുറിപ്പിൽനിന്നും വ്യത്യസ്തമായി അദ്ദേഹം പ്രസംഗത്തിൽ സൂചിപ്പിച്ചു. നമുക്ക് നൽകിയിട്ടുള്ള തുക ഇതാണ്. ആ തുകയുടെ എക്സ്പെൻഡിച്ചർ വന്നിട്ടുള്ളതുമാണ്. 2015-16-ലേയ്ക്ക് അനുവദിച്ച തുകയുടെ എക്സ്പെൻഡിച്ചർ വരാൻ പോകുന്നതേയുള്ളൂ. ഇപ്പോൾ ചെറിയ എക്സ്പെൻഡിച്ചർ മാത്രമേ വന്നിട്ടുള്ളൂ.

ആനവേട്ടയെ സംബന്ധിച്ച് പ്രതിപക്ഷനേതാവ് ഉന്നയിച്ച സബ്മിഷന് ഒരിക്കൽ മറുപടി പറഞ്ഞതുകൊണ്ട്, ആ മറുപടിയുടെ വിശദാംശങ്ങൾ നമ്മുടെ റിക്കോർഡിൽ ഉള്ളതിനാൽ ഞാൻ വീണ്ടും ഇതേ കാര്യംതന്നെ പറയുന്നത് ശരിയല്ല. പ്രത്യേകിച്ച് സമയച്ചുരുക്കമുണ്ടെന്ന് അങ്ങ് സൂചിപ്പിക്കുകകൂടി ചെയ്തതിനാൽ ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. അതിനുശേഷമുണ്ടായിട്ടുള്ള ഡെവലപ്മെന്റ്, ഐക്കരമറ്റം വാസുവിന്റെ മരണമാണ്, വാസു ഒരു suspected accused ആണ്. വാസുവിനെ പിടിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം നടത്തിവരികയായിരുന്നു. ആ പരിശ്രമം നടത്തിവരുന്ന സന്ദർഭത്തിലാണ് മഹാരാഷ്ട്രയിലെ സിന്ധുദുർഗ്ഗയിൽ ഐക്കരമറ്റം വാസു തൂങ്ങിമരിച്ചതായുള്ള വിവരം കിട്ടുന്നത്. ആഭ്യന്തര വകുപ്പ് അതാത് സംസ്ഥാനത്തിന്റെ ഷെഡ്യൂളിൽപ്പെട്ടതാണ്. അതുകൊണ്ട് ആ സംസ്ഥാനത്തിനാണ് ഇതിനെക്കുറിച്ച് ഇൻവെസ്റ്റിഗേഷൻ

നടത്താനുള്ള അധികാരം.

കേരളത്തിന്റെ ടെറിട്ടറിയിൽ നടന്ന ഒരു മരണത്തെക്കുറിച്ച് കേരളത്തിലെ ആഭ്യന്തര വകുപ്പിന് അന്വേഷണം നടത്താം. മഹാരാഷ്ട്ര സംസ്ഥാനത്ത് നടന്ന മരണത്തെക്കുറിച്ച് അന്വേഷിക്കേണ്ടത് സ്വാഭാവികമായും മഹാരാഷ്ട്ര ഗവൺമെന്റാണ്. ഈ മരണവിവരം അറിഞ്ഞപ്പോൾത്തന്നെ കേരള ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്ന് ശ്രീ. പ്രമോദ് കൃഷ്ണന്റെ നേതൃത്വത്തിലുള്ള നാലംഗ സംഘത്തെ ഞങ്ങൾ മഹാരാഷ്ട്രയിൽ അയയ്ക്കുകയുണ്ടായി. ആ സംഘം ഇന്നവിടെയുണ്ട്. ആ സംഘം ഈ കേസന്വേഷണത്തിന്റെ ചാർജ്ജുള്ള അവിടത്തെ എസ്.പി.-യിൽനിന്നും വിശദാംശങ്ങൾ നേരിട്ട് ചോദിച്ച് മനസ്സിലാക്കിയിട്ടുണ്ട്. ക്രിമിനൽ കേസുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ട് മുഴുവൻ വിശദാംശങ്ങളും കിട്ടിയതിനുശേഷം ബാക്കിയുള്ള കാര്യങ്ങൾ മറ്റൊരു സന്ദർഭത്തിൽ പറയുന്നതാണ്. ഈ കേസ്സുമായി ബന്ധപ്പെട്ട് ഇപ്പോൾ 20 ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അറസ്റ്റ് ചെയ്ത ആളുകളെല്ലാം കസ്റ്റഡിയിലുമുണ്ട്. ജുഡീഷ്യൽ കസ്റ്റഡിയിൽ വിടണമെന്ന് കോടതി പറഞ്ഞ ആളുകൾ ഒഴികെയുള്ളവരെയെല്ലാം ചോദ്യം ചെയ്തുകൊണ്ടിരിക്കുകയാണ്. അവരിൽനിന്നും കുറേ തെളിവുകൾ നമുക്ക് കിട്ടും. വ്യാപകമായ റെയ്ഡുകൾ നടന്നിട്ടുണ്ട്. രണ്ടുരൂപത്തിലാണ് ഇത് നടക്കുന്നത്. ആന

വേട്ട സംബന്ധിച്ചും ആനക്കൊമ്പ് കച്ചവടം നടത്തുന്നവരുടെ ലിങ്ക് ഏതുവരെയുണ്ടെന്നും പരിശോധിക്കണം. റെയ്ഡുകളുടെ അടിസ്ഥാനത്തിൽ ലഭിച്ച തെളിവുകൾ വച്ചുകൊണ്ട് മുന്നോട്ടുപോകുന്നതാണ്. ആനവേട്ട സംബന്ധിച്ച് മാധ്യമം പത്രത്തിൽവന്ന ഒരു വാർത്തയുടെ അടിസ്ഥാനത്തിൽ 29-06-2015-ൽ വനം വകുപ്പിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്)-നോട് ഞാൻ നേരിട്ട് ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹം അന്വേഷണച്ചുമതല ഏറ്റെടുക്കുകയും ആ പ്രദേശത്തെ എല്ലാ ഉദ്യോഗസ്ഥരെയും വിളിച്ചുകൂട്ടി നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പ്രസ്തുത വന മേഖലയിൽ മുഴുവൻ വിശദമായ കോമ്പിംഗ് ഓപ്പറേഷൻ നടന്നിട്ടുണ്ട്. 30-06-2015-ന് പ്രതിയായ റെജിയെ കസ്റ്റഡിയിൽ വാങ്ങി ഇക്കാര്യങ്ങളെക്കുറിച്ച് രണ്ടുദിവസം വിശദമായി interrogation നടത്തുകയും പ്രതിയേയുംകൂട്ടി വനമേഖലയിൽ നടത്തിയ വിശദമായ പരിശോധനയിൽ ഒരു സ്ഥലം ടിയാൻ തിരിച്ചറിഞ്ഞ് കാണിച്ചുകൊടുക്കുകയും ചെയ്തു. ആ സ്ഥലത്ത് ആനയുടെ ജഡത്തിന്റെ അവശിഷ്ടം കണ്ടെത്തിയിരുന്നു. വീണ്ടും 01.07.2015-ൽ പ്രതിയായ റെജിയേയും കൂട്ടി നടത്തിയ പരിശോധനയിൽ മൂന്ന് സ്ഥലങ്ങൾകൂടി ടിയാൻ തിരിച്ചറിഞ്ഞ് കാണിച്ചുകൊടുക്കുകയും മേൽപ്പടി സ്ഥലങ്ങളിൽ ആനയുടെ ജഡത്തിന്റെ അവശിഷ്ടം കണ്ടെത്തുകയും ചെയ്തു.

02.07.2015-ൽ മലയാറ്റൂർ ഡിവിഷനിലെ ഫോറസ്റ്റ് ഓഫീസറും എ.പി.സി.സി.എഫ്. (വിജിലൻസ്) ഓഫീസറും മേൽപ്പറഞ്ഞ സ്ഥലങ്ങൾ പരിശോധന നടത്തി സാമ്പിൾ ശേഖരിക്കുന്നതിന് നേതൃത്വം കൊടുത്തിട്ടുണ്ട്. എ.പി.സി.സി.എഫ്. (വിജിലൻസ്) ഉം എറണാകുളം ഫ്ലൈയിംഗ് സ്ക്വാഡും ഡി.എഫ്.ഒ.-യും ചേർന്ന് മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ വീണ്ടും പരിശോധന നടത്തി. 04.07.2015-ൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ, എ.പി.സി.സി.എഫ്., **ബി.ഡി.സി.** എന്നിവർ മേൽസ്ഥലങ്ങൾ പരിശോധന നടത്തുകയും അന്വേഷണ പുരോഗതി വിലയിരുത്തുകയും തുടരന്വേഷണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. വൈൽഡ് ലൈഫ് ചീഫ് നടത്തിയ അന്വേഷണത്തിലുംകൂടി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിലെ നാല് ഉദ്യോഗസ്ഥരെ dereliction of duty എന്ന കാരണത്താൽ സസ്പെന്റ് ചെയ്യുകയുണ്ടായി. എ.പി.സി.സി.എഫ്. (വിജിലൻസ്)-ന്റെ 29.06.2015-ൽ കൂടിയ യോഗത്തിലെ നിർദ്ദേശപ്രകാരം ജൂലൈ 3, 4, 5 എന്നീ തീയതികളിൽ മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ എന്നീ ഡിവിഷനുകീഴിലെ വനമേഖലകളിൽ തിരച്ചിൽ നടത്തി. വനം വകുപ്പിന്റെ 217 ഉദ്യോഗസ്ഥന്മാർ 23 ടീമുകളായി തിരിഞ്ഞ് ആ പ്രദേശത്ത് വ്യാപകമായ തിരച്ചിൽ നടത്തി. ചീഫ് വൈൽഡ് ലൈഫ്

വാർഡന്റെയും എ.പി.സി.സി.എഫ്. (വിജിലൻസ്)-ന്റെയും നിർദ്ദേശപ്രകാരം മലയാറ്റൂർ മേഖലയിലെ രണ്ട് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറും മൂന്ന് സ്റ്റാഫും അടങ്ങിയ സംഘത്തെ തിരുവനന്തപുരത്തെ റെയ്ഡിൽ സഹായിക്കുന്നതിനുവേണ്ടി വിളിച്ചുവരുത്തി. തിരുവനന്തപുരം ഫ്ലൈയിംഗ് സ്ക്വാഡ്, വനം വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം, തിരുവനന്തപുരം ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് കൺട്രോൾ റൂം സ്റ്റാഫ് എന്നിവരുടെ നേതൃത്വത്തിൽ നടന്ന തിരുവനന്തപുരത്തെ റെയ്ഡിൽ മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്തു. ഞാൻ അവരുടെ പേരുകൾ ഇവിടെ പറയുന്നില്ല. 08.07.2015 മുതൽ 09.07.2015 വരെ ഈ റെയ്ഡുകൾ തുടരുകയും മറ്റുനടപടികളുമായി മുന്നോട്ടുപോകുകയും ചെയ്തു. ഇപ്പോൾ 20 ആളുകൾ കസ്റ്റഡിയിലുണ്ട്. നമുക്ക് കിട്ടിയിരിക്കുന്ന തെളിവുകളനുസരിച്ച് കേരളത്തിന് പുറത്തും കുറ്റവാളികൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. വൈൽഡ് ലൈഫിന്റെ ഇതുപോലുള്ള കേസ്സുകളും മറ്റും കൈകാര്യം ചെയ്യാൻ സി.ബി.ഐ.-ക്ക് സമാന്തരമായി വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോ ഉണ്ട്. അവരാണ് വനമേഖലയിൽ നടക്കുന്ന കൊള്ളകൾ അഖിലേന്ത്യാടിസ്ഥാനത്തിൽ അന്വേഷിക്കുന്നത്. അവരുടെ പ്രത്യേകത, അവർക്ക് സി.ബി.ഐ.-യുമായും ഐ.ബി.യുമായും നല്ലരീതിയിലുള്ള കോൺടാക്ട് ഉണ്ട്. ഇന്റർനാഷണൽ രംഗത്ത്

ആനക്കൊമ്പ് പോലുള്ളവയുടെ ബിസിനസ്സ് ആരൊക്കെയാണ്, എങ്ങനെയൊക്കെയാണ് അനധികൃതമായി നടത്തുന്നത് എന്നതിനെക്കുറിച്ച് വളരെ കൃത്യമായ അന്വേഷണം നടത്താൻ കഴിയുന്നത് ഈ ബ്യൂറോയ്ക്കാണ്. അതുകൊണ്ട് അവരുടെകൂടി സഹായം തേടിക്കൊണ്ട് മുന്നോട്ടുപോകുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച അന്വേഷണം പകുതിവഴിയിലെത്തിയിരിക്കു ന്നതിനാൽ നമ്മുടെ ഒരു വാക്ക് തെറ്റിയാൽ അത് ആരെയെങ്കിലും സഹായിക്കാനോ അല്ലെങ്കിൽ അന്വേഷണം വഴിതെറ്റിക്കാനോ ഇടയാക്കും. അതുകൊണ്ട് ആ കുഴിയിൽ വീഴരുത് എന്ന് ഞാൻ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ഒരു വാക്കുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. വനം വകുപ്പിലുള്ളവരെല്ലാം കാട്ടുകള്ളന്മാരാണെന്നും തീവെട്ടിക്കൊള്ളക്കാരാണെന്നും പറഞ്ഞതിനോട് ഒരു ഗവൺമെന്റിനും യോജിക്കാൻ കഴിയില്ല. എൽ.ഡി.എഫ്.-ന്റെ വനം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ബിനോയ് വിശ്വത്തിന്റെ കാലത്തുണ്ടായിരുന്ന ഉദ്യോഗസ്ഥരടക്കമുള്ളവരാണ് അവിടെ ഇപ്പോഴുമുള്ളത്. അവർ തീവെട്ടിക്കൊള്ളക്കാരാണെങ്കിൽ എന്തുകൊണ്ടാണ് അന്ന് അവരുടെ പേരിൽ നടപടിയെടുക്കാതിരുന്നത്? ഒരു കേസ്സന്വേഷണത്തിന്റെ മദ്ധ്യത്തിൽവച്ച് അന്വേഷണ സംഘത്തിൽപ്പെട്ടവർ തീവെട്ടിക്കൊള്ളക്കാരാണെന്ന് പറഞ്ഞ്

അവരുടെ മനസ്സ് മടുപ്പിക്കുന്നതിന്റെ പ്രയോജനം വനംകൊള്ളക്കാർക്ക് മാത്രമാണ് കിട്ടുന്നത്. ദയവായി അതിൽ കുടുങ്ങരുത് എന്ന് ഓർമ്മിപ്പിക്കുന്നു. ഇതാണ് ഗവൺമെന്റിന്റെ സ്റ്റാൻഡ്.

ആസ്തി വികസന ഫണ്ട് വിനിയോഗം

ശ്രീ. മാത്യു റ്റി. തോമസ്: സർ, 2014-15 സാമ്പത്തിക വർഷത്തിന്റെ ആദ്യഘട്ടത്തിൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി എല്ലാ എം.എൽ.എ. മാർക്കും ഒരു കത്ത് നൽകുകയുണ്ടായി. ആ കത്തിന്റെ സാരാംശം, എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും അവരവരുടെ മണ്ഡലങ്ങളിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലേയ്ക്ക് ബസ്സുകൾ വാങ്ങാൻ ഓരോ കോടി രൂപ വീതം നൽകിയാൽ, അങ്ങനെ വാങ്ങുന്ന ബസ്സുകൾ എം.എൽ.എ.-മാരുടെ നിർദ്ദേശാനുസരണം വയബിളായ റൂട്ടുകളിൽ ഓടിക്കാം എന്നുള്ളതാണ്. എനിക്ക് ആ പദ്ധതിയോട് ഭിന്നാഭിപ്രായം ഉണ്ടായിരുന്നു. എന്നിരുന്നാലും ഞാൻ ഈ വകുപ്പ് നേരത്തെ കൈകാര്യം ചെയ്തിരുന്നതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ പ്രാരാബ്ധങ്ങൾ അറിയാമെന്ന ഒരാൾ എന്ന നിലയിൽ, ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടുവച്ച ഒരു നിർദ്ദേശത്തോട് പോസിറ്റീവായി പ്രതികരിക്കാൻ ബാദ്ധ്യസ്ഥനാണെന്നുള്ളതുകൊണ്ട്, ഞാൻ ഉൾപ്പെടെ 18 എം.എൽ.എ. മാർ 2014-

15 സാമ്പത്തിക വർഷത്തെ ഞങ്ങളുടെ ആസ്തിവികസന ഫണ്ടിൽനിന്ന് ഓരോ കോടിരൂപ വീതം ഇക്കാര്യത്തിന് നീക്കിവയ്ക്കുന്നതായി ഗതാഗത വകുപ്പിനെയും ധനകാര്യ വകുപ്പിനെയും അറിയിച്ചതാണ്. 2015 മാർച്ച് മാസത്തിനുമുമ്പ് നൽകിയിട്ടില്ലാത്ത നിർദ്ദേശങ്ങളൊന്നും പാലിക്കാൻ സാധ്യമല്ലെന്ന് ധനകാര്യ വകുപ്പിൽനിന്ന് അറിയിപ്പും ലഭിച്ചിട്ടുണ്ട്. ആ പദ്ധതി നടപ്പിലാക്കുന്നതിന് ധനകാര്യ വകുപ്പ് എതിർപ്പ് പറയുന്നുവെന്നാണ് ഇപ്പോൾ ഗതാഗത വകുപ്പുമന്ത്രി പറയുന്നത്. ഗതാഗത വകുപ്പുമന്ത്രി രേഖാമൂലം കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ അനുവാദം വാങ്ങി ഈ പണം ഞങ്ങൾ നീക്കിവച്ചതുമാണ്. എന്നാൽ ഇങ്ങനെയൊരു എതിർപ്പ് ധനകാര്യ വകുപ്പിന് ഉണ്ടായിരുന്നെങ്കിൽ ഗതാഗത വകുപ്പുമന്ത്രി എം.എൽ.എ. മാർക്ക് ഈ കത്ത് നൽകുന്നതിനുമുമ്പ് ആ എതിർപ്പ് മാറ്റുകയോ അല്ലെങ്കിൽ കത്ത് നൽകാതിരിക്കുകയോ ചെയ്യേണ്ടതായിരുന്നു. എതിർപ്പിനുള്ള കാരണം പറയുന്നത് കെ.എസ്.ആർ.ടി.സി. എന്ന് പറയുന്നത് കോർപ്പറേഷനാണ്, കോർപ്പറേഷന് അസറ്റ് ഉണ്ടാക്കുന്നതിന് എം.എൽ.എ. ഫണ്ട് നൽകുന്നത് ശരിയല്ല എന്നാണ്. എം.എൽ.എ.- മാരുടെ ഫണ്ട് വിനിയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ കമ്പ്യൂട്ടറും ബസ്സും വാങ്ങിച്ചുകൊടുക്കാറില്ലേ? കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനത്തിന് അസറ്റ് ഉണ്ടാക്കിക്കൊടുക്കാൻ എം.എൽ.എ. ഫണ്ട്

നീക്കിവയ്ക്കാൻ പാടില്ലെന്ന് ധനകാര്യ വകുപ്പിന്റെ നിർദ്ദേശമുണ്ടായിരുന്നെങ്കിൽ ഞങ്ങൾക്ക് ഈ കത്ത് നൽകാൻ പാടില്ലായിരുന്നു. ഇപ്പോൾ ഞങ്ങളുടെ പ്രശ്നം, എം.എൽ.എ.-മാരുടെ ഇങ്ങനെ നീക്കിവച്ച ഓരോ കോടിരൂപ മറ്റുകാര്യത്തിനോ നീക്കിവച്ച കാര്യത്തിനോ ഉപയോഗിക്കാൻ പറ്റുന്നില്ല എന്നതാണ്. എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്, ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി നിർദ്ദേശിച്ച പ്രകാരം ഏതൊക്കെ എം.എൽ.എ. മാർ ഈ പണം നീക്കിവച്ചിട്ടുണ്ടോ അവർക്കെല്ലാം അവരുടെ മണ്ഡലങ്ങളിൽ നീക്കിവച്ച കാര്യത്തിന് ചെലവഴിക്കാനുള്ള അനുമതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകണം; ഒരു കാരണവശാലും അതിന് കഴിയില്ലെങ്കിൽ ഈ പണം മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാനുള്ള അനുമതി ഞങ്ങൾക്ക് നൽകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പൊതുജനോപകാരപ്രദവും സർക്കാർ അധീനതയിൽ ദീർഘകാലം നിലനിൽക്കുന്നതുമായ മൂലധനസ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് ആസ്തിവികസന പദ്ധതിയിൻകീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-ക്ക് ബസ് വാങ്ങുന്നതിനായി ടി ഫണ്ട് വിനിയോഗിക്കുന്നത് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ല. സർക്കാരിന്റെ സാമ്പത്തിക പരിമിതികളും

സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ദീർഘകാലം നിലനിൽക്കണമെന്നുള്ള താൽപ്പര്യവും കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി.-ക്ക് ഫണ്ട് അനുവദിക്കേണ്ടതില്ലെന്ന നിലപാടാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഗതാഗത വകുപ്പുമന്ത്രി നല്ല ഉദ്ദേശ്യത്തോടുകൂടി പറഞ്ഞു, അതിനോട് നിങ്ങൾ പ്രതികരിച്ചു, നല്ല കാര്യം തന്നെ. പക്ഷേ ഇത് സംബന്ധിച്ച് മൊത്തത്തിൽ ആലോചിച്ചപ്പോൾ ബസ് വാങ്ങാൻവേണ്ടി ടി ഫണ്ട് വിനിയോഗിക്കുന്നതിനോട് യോജിപ്പില്ലാതെ വന്നിരിക്കുകയാണ്. അങ്ങ് രണ്ടാമത് പറഞ്ഞ നിർദ്ദേശം പ്രത്യേകമായി പരിഗണിക്കുന്നതാണ്.

## സർക്കാർ ഉത്തരവുകൾ നടപ്പാക്കുന്നതിലെ സാങ്കേതിക തടസ്സങ്ങൾ

ശ്രീ. എം. ഹംസ: സർ, ചേലക്കര, ഒറ്റപ്പാലം അസംബ്ലി മണ്ഡലങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് ഭാരതപ്പുഴയ്ക്ക് കുറുകെ ഒരു തടയണ നിർമ്മിക്കുന്നതിനുവേണ്ടി എ.എസ്. ലഭിക്കുകയുണ്ടായി. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിലാണ് തടയണ നിർമ്മിക്കാൻ തീരുമാനിച്ചത്. ബഹുമാനപ്പെട്ട ചേലക്കര എം.എൽ.എ. സ്പീക്കറായിരുന്നപ്പോൾ അദ്ദേഹം മുൻകൈയെടുത്താണ് തടയണ നിർമ്മിക്കാൻ എ.എസ്. ലഭിച്ചത്. എന്നാൽ തടയണയുടെ നിർമ്മാണം നടത്തുന്നതിനായി ശ്രീ. പി. ജെ. ജോസഫ് മിനിസ്റ്റർ

തറക്കല്ലിടുകയും തടയണയുടെ നിർമ്മാണം തുടങ്ങുകയും ചെയ്തു. സാമ്പത്തിക പ്രതിസന്ധിയുടെ ഘട്ടത്തിൽ പണി പൂർത്തിയാക്കാൻ കഴിയില്ല എന്ന സ്ഥിതി വന്നപ്പോൾ, UIDSSMT സ്കീം പ്രകാരമുള്ള കുടിവെള്ള പദ്ധതി നടപ്പാക്കണമെങ്കിൽപ്പോലും തടയണയുടെ നിർമ്മാണം പൂർത്തിയാക്കണമെന്നുള്ളതുകൊണ്ട് നഗരകാര്യ വകുപ്പുമന്ത്രി മുൻകൈയെടുത്ത് ശ്രീ. പി. ജെ. ജോസഫ് മിനിസ്റ്ററും ചേർന്ന് ഒരു മന്ത്രിതല യോഗം ചേരുകയും യോഗ തീരുമാനം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വരികയും UIDSSMT ഫണ്ട് തടയണ നിർമ്മാണത്തിന് നൽകാൻ തീരുമാനിക്കുകയും ചെയ്തു. അതിനുവേണ്ടി ലോക്കൽ സെൽഫ് ഗവൺമെന്റിന്റെ 175/14 നമ്പർ ഉത്തരവുപ്രകാരം 30 കോടി രൂപയുടെ ഓർഡറായി. മന്ത്രിസഭ തീരുമാനമനുസരിച്ച് ജലസേചന വകുപ്പ് 3.03.2015-ന് 24/2015 നമ്പർ ആയും ഉത്തരവിട്ടു. മന്ത്രിതല യോഗം ചേരുകയും രണ്ട് ക്യാബിനറ്റ് ഉത്തരവുകളുണ്ടാവുകയും മന്ത്രി തറക്കല്ലിട്ട് 70 ശതമാനം പണി പൂർത്തിയാവുകയും ചെയ്തിട്ടും സാമ്പത്തിക പ്രതിസന്ധികാരണം തടയണ നിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്. എന്നാൽ UIDSSMT ഫണ്ടിൽ 18 കോടി രൂപയുണ്ട്. ആ ഫണ്ട് ടി തടയണനിർമ്മാണത്തിനായി കൊടുക്കണമെന്ന് മന്ത്രിമാർ തീരുമാനിച്ചു, ക്യാബിനറ്റ് തീരുമാനിച്ചു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ വിഷയത്തിൽ

ഇടപെട്ടു. എന്നിട്ടും അത് നടപ്പാക്കാൻ കഴിയുന്നില്ല. എല്ലാ പ്രവൃത്തികളെയും പോലെയല്ല തടയണ നിർമ്മാണം. തടയണ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ട പ്രവൃത്തിയാണ്. വേനൽക്കാലത്ത് വളരെ ചുരുങ്ങിയ സമയംകൊണ്ട് നിർമ്മിച്ചാൽ മാത്രമേ തടയണ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതൊരു പ്രത്യേക പ്രശ്നമായി ഏറ്റെടുത്ത് ക്യാബിനറ്റ് തീരുമാനം നടപ്പാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. മന്ത്രിസഭയുടെ തീരുമാനം നടപ്പാക്കി തടയണ നിർമ്മാണം വളരെ വേഗത്തിൽ പൂർത്തീകരിക്കാനാവശ്യമായ ഇടപെടൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് വളരെ വിനയത്തോടെ അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ കുടിവെള്ള പദ്ധതിക്കായി 18 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽനിന്ന് അംഗീകാരം ലഭിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ പ്രോജക്ട് കോസ്റ്റ് വർദ്ധിച്ച് 30 കോടി രൂപയായതിനാൽ ആ തുകയ്ക്കുള്ള ഭരണാനുമതി കൊടുക്കുകയും ചെയ്തു. ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെയും സമീപ പഞ്ചായത്തുകളുടെയും കുടിവെള്ള സ്രോതസ്സ് എന്ന നിലയിൽ ഈ തടയണയ്ക്കുള്ള

പ്രാധാന്യം അറിയാം. അത് പൂർത്തിയാക്കണമെന്നതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. ഇപ്പോൾ 10,11,53,000 രൂപയുള്ള അംഗീകാരത്തിനായി ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരിക്കുകയാണ്. ഏറ്റവും വേഗത്തിൽ അതിന് അനുമതി നൽകുന്ന കാര്യം പ്രത്യേകമായി ശ്രദ്ധിക്കും എന്ന് പറയുന്നു.

## ഒഴിഞ്ഞുകിടക്കുന്ന പ്രധാന തസ്തികകൾ

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം ജില്ലാ ഭരണസിരാകേന്ദ്രം നാഥനില്ലാക്കളരിയായി മാറിയിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷവും അതുമൂലമുള്ള ഭരണസ്തംഭനവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയാണ് മലപ്പുറം. 50 ലക്ഷത്തോളം വരുന്ന ജനങ്ങൾ അധിവസിക്കുന്ന ജില്ലയിൽ ജില്ലാ ഭരണകൂടത്തിലെ പ്രധാന തസ്തികകളെല്ലാം ഒഴിഞ്ഞുകിടക്കുകയാണ്. കഴിഞ്ഞ രണ്ട് മാസമായി ഇവിടെ കളക്ടർ ഇല്ല. ഇപ്പോൾ പുതിയ കളക്ടറെ നിയമിച്ചുവെന്ന് പറയുന്നുണ്ടെങ്കിലും ഇതുവരെയും ചാർജ്ജെടുത്തിട്ടില്ല. എ.ഡി.എം. തസ്തികയും മാസങ്ങളായി ഒഴിഞ്ഞുകിടക്കുകയാണ്. കളക്ടറുടെയും എ.ഡി.എം.-ന്റെയും ചുമതലകൾ വഹിച്ചിരുന്നത് ഇലക്ഷൻ ഡെപ്യൂട്ടി കളക്ടറായിരുന്നു. വ്യത്യസ്ത ആവശ്യങ്ങൾക്കായി

സിവിൽ സ്റ്റേഷനിലെത്തുന്ന പൊതുജനങ്ങൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരില്ലെന്ന കാരണത്താൽ നിരാശയോടെ മടങ്ങേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഏറ്റവും കൂടുതൽ വിദ്യാർത്ഥികളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമുള്ള ജില്ലയിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും ഇല്ല. 110 ഗ്രാമ പഞ്ചായത്തുകളും 15 ബ്ലോക്ക് പഞ്ചായത്തുകളുമുള്ള ജില്ലയിലെ പഞ്ചായത്തുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പാക്കുന്നതിനും നേതൃത്വം നൽകേണ്ട ഡി.ഡി.പി. യും എ.ഡി.പി. യും ഇല്ല. രണ്ടിന്റെയും ചുമതല സീനിയർ സൂപ്രണ്ടിനാണ്. നഗരങ്ങളിലെ കെട്ടിടങ്ങളുടെ നിർമ്മാണം, നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവൽക്കരണം തുടങ്ങിയ ആവശ്യങ്ങൾക്ക് ജനങ്ങൾ ആശ്രയിക്കുന്ന ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിൽ ടൗൺ പ്ലാനറുമില്ല. ഉദ്യോഗസ്ഥരുടെ ശമ്പളവും പെൻഷനും മറ്റ് സാമ്പത്തിക ഇടപാടുകളും നടത്തേണ്ട ട്രഷറിയിൽ ജില്ലാ ട്രഷറി ഓഫീസറും അസിസ്റ്റന്റ് ജില്ലാ ട്രഷറി ഓഫീസറും ഇല്ല. പകർച്ചവ്യാധികൾ പടർന്നുപിടിക്കുമ്പോഴും ആരോഗ്യ വകുപ്പിലെ പ്രധാന തസ്തികകളെല്ലാം ഒഴിഞ്ഞുകിടക്കുകയാണ്. ഡെങ്കിപ്പനി മൂലം 5 മരണങ്ങളാണ് ഇന്നലെ ഈ ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. പകർച്ചവ്യാധികൾ തടയുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ട ജില്ലാ വെക്ടർ കൺട്രോൾ

ഓഫീസറുടെ തസ്തിക 10 മാസത്തോളമായി ഒഴിഞ്ഞുകിടക്കുകയാണ്. ജില്ലാ നഴ്സിംഗ് ഓഫീസർ തസ്തികയിൽ ആളില്ലാതായിട്ട് രണ്ട് വർഷമായി. ആശുപത്രികളിലെ ഫാർമസികളിൽ മരുന്നിന്റെ ലഭ്യതയും വിതരണവും ഉറപ്പാക്കാൻ ബാധ്യസ്ഥനായ ജില്ലാ സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർ തസ്തികയും ജില്ലാ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്. രണ്ട് വർഷം മുമ്പ് അനുവദിച്ച ജില്ലാ പബ്ലിക് ഹെൽത്ത് ലാബിൽ ഒരു ജീവനക്കാരനെപോലും നിയമിക്കാത്തതുകൊണ്ട് ലാബ് ഇപ്പോഴും ആരംഭിക്കാനായിട്ടില്ല. ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തിയ ധാരാളം തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നുണ്ട്. ആ തൊഴിലാളികളുടെയും ഇന്ത്യയിലെ മൊത്തം തൊഴിലാളികളുടെയും കാര്യങ്ങൾ ശ്രദ്ധിക്കേണ്ട എൻഫോഴ്സ്മെന്റ് വിഭാഗം ലേബർ ഓഫീസറും ഈ ജില്ലയിൽ ഇല്ല. ചുമതല നൽകിയിരുന്ന ലേബർ ഓഫീസറും ഇപ്പോൾ അവധിയിലാണ്. ഇതിനൊക്കെ പുറമെ ഒട്ടുമിക്ക ഓഫീസുകളിലും വിവിധ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ജനങ്ങളുടെ പ്രയാസം കണക്കിലെടുത്ത് മലപ്പുറം ജില്ലയിലെ ജില്ലാതല ഓഫീസർമാരുൾപ്പെടെയുള്ള വിവിധ ഒഴിവുകൾ നികത്തി ഭരണസ്തംഭനം ഒഴിവാക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മലപ്പുറം ജില്ലാ കളക്ടർ ശ്രീ. കെ. ബിജുവിനെ ജില്ലാ കളക്ടർമാർമാർക്കും ഐ.എ.എസ്. ഉദ്യോഗസ്ഥൻമാർക്കുമുള്ള ട്രെയിനിംഗിനായി ഗവൺമെന്റ് ഓഫ് ഇന്ത്യ തെരഞ്ഞെടുക്കുകയും അദ്ദേഹം ആ ട്രെയിനിംഗിന്റെ ഭാഗമായുള്ള വിദേശപര്യടനത്തിലായിരുന്നതിനാൽ സ്ഥലത്തില്ലായിരുന്നു. ആ ഒരു വിടവുണ്ടായത് ഞാൻ സമ്മതിക്കുന്നു. അതിന്റെ പോരായ്മ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചു. പക്ഷേ അവിടെ ജില്ലാ കളക്ടറെ 16.07.2015-ൽ തന്നെ പോസ്റ്റ് ചെയ്തിരുന്നു. മലപ്പുറം ജില്ലാ കളക്ടറായി ശ്രീ. റ്റി. ഭാസ്കരനെയാണ് നിയമിച്ചിരിക്കുന്നത്. അതുപോലെ എ.ഡി.എം. ആയി ശ്രീ. കെ. രാധാകൃഷ്ണനെയും കഴിഞ്ഞ ആഴ്ചതന്നെ നിയമിച്ചിട്ടുണ്ട്. മറ്റ് ഉദ്യോഗസ്ഥരുടെ കാര്യം പറഞ്ഞത് പ്രത്യേകം ശ്രദ്ധിച്ച് ആ തസ്തികകൾ ഉടൻതന്നെ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇങ്ങനെയൊരു പ്രത്യേക സാഹചര്യത്തിൽ അവിടെ ഒരു ഗ്യാപ് വന്നു എന്നത് ശരിയാണ്. അത് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഇപ്പോൾ പ്രധാന തസ്തികയിലേയ്ക്കുള്ള പോസ്റ്റിംഗ് കഴിഞ്ഞിരിക്കുകയാണ്.

## റിപ്പോർട്ടുകൾ സി.ഡി. രൂപത്തിൽ ലഭ്യമാക്കൽ

ശ്രീ. ഷാഫി പറമ്പിൽ: സർ, 40 അടി നീളവും 8 ഇഞ്ച് വ്യാസവുമുള്ള 24

മരങ്ങൾ വെട്ടിയാലാണ് ഒരു ടൺ പേപ്പർ പ്രിന്റ് ചെയ്യാൻ സാധിക്കുന്നത്. കേരളത്തിന്റെ ഭരണക്രമവുമായി ബന്ധപ്പെട്ട് നിരവധി തലങ്ങളിൽ ലക്ഷക്കണക്കിന് ടൺ പേപ്പർ ഉപയോഗിച്ച് കോടിക്കണക്കിന് രൂപയുടെ പ്രിന്റിംഗ് നടത്തിക്കൊണ്ടിരിക്കുന്നു. 124-ഓളം പൊതുമേഖലാ സ്ഥാപനങ്ങളുടെ നൂറുകണക്കിന് പേജുള്ള റിപ്പോർട്ടുകൾ പ്രിന്റ് ചെയ്ത് സഭയിലും മറ്റ് സ്ഥലങ്ങളിലും സർക്കുലേറ്റ് ചെയ്യുന്നു. ആ റിപ്പോർട്ട് ആരും വായിക്കുന്നില്ലെന്ന് ഞാൻ പറയുന്നില്ല. അതാത് മേഖലകളിൽ താൽപ്പര്യമുള്ളവർ അത് വായിക്കുന്നുണ്ടാകും. എന്നാൽ അതിൽ പലതും ഒരുതവണ പോലും മറിച്ച് നോക്കപ്പെടാതെ സ്ക്രാപ്പ് കടകളിലേയ്ക്കും മറ്റും പോവുകയാണെന്നുള്ള യാഥാർത്ഥ്യം ഞാൻ മറച്ചുവച്ചതുകൊണ്ട് മാത്രം മറഞ്ഞിരിക്കാൻ സാധ്യതയുമില്ല. സഭയിലെ കാര്യം ഒരു സബ്മിഷനായി പറേയണ്ടതല്ലെന്നറിയാം. പക്ഷെ, ഞാൻ ഒരു കണക്കെടുത്തു. 13-ാം കേരള നിയമസഭയുടെ 14-ാം സമ്മേളനത്തിൽ ഏകദേശം 552 പേപ്പറുകൾ ലേ ഡൗൺ ചെയ്തിട്ടുണ്ട്. അതിനുപുറമേയാണ് 124 പൊതുമേഖലാ സ്ഥപാനങ്ങളുടെ റിപ്പോർട്ടുകൾ. നമ്മുടെ അസംബ്ലി പേപ്പർലെസ്സ് ആക്കുമെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ പ്രഖ്യാപനം ആവേശത്തോടെയാണ് ഞങ്ങൾ കേട്ടത്. ഹിമാചൽ പ്രദേശ് നിയമസഭ പേപ്പർലെസ്സ് അസംബ്ലിയാക്കിതിനുശേഷം ഒരു

വർഷംകൊണ്ടുമാത്രം അവരുണ്ടാക്കിയ ലാഭം ഏതാണ് 15 കോടി രൂപയാണ്. ഇ-ഗവേണൻസിന്റെ കാലഘട്ടത്തിൽ, ഇ-ഗവേണൻസ് ഗ്രീൻ ഗവേണൻസ് കൂടിയാവുകയാണെന്നുള്ള വസ്തുത തിരിച്ചറിഞ്ഞ് നിയമസഭാ പ്രവർത്തനങ്ങളിലും സർക്കാരിന്റെ മറ്റ് പ്രവർത്തനങ്ങളിലും പരമാവധി കടലാസ്സിന്റെ ഉപയോഗം കുറച്ച് പ്രകൃതിസൗഹൃദമാകാനുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിയണം. പുതിയ കാലഘട്ടം എം-ഗവേണൻസിലേയ്ക്ക് (മൊബൈൽ ഗവേണൻസ്) മാറുകയാണ്. ഗവൺമെന്റ് ഈ വർഷാവസാനം നടപ്പിലാക്കുമെന്ന് പറയുന്ന നിരവധി പദ്ധതികളുടെ ഡീറ്റെയിൽസ് ഞാൻ കണ്ടു. ബില്ലുകളും ഗവൺമെന്റ് നൽകുന്ന സർട്ടിഫിക്കറ്റുകളും ഗവൺമെന്റിന് നൽകുന്ന അപേക്ഷകളും മൊബൈൽ ആപ്പിലൂടെ നൽകാൻ കഴിയുന്ന ടെക്നോളജി നിലവിലുണ്ട്. സാമ്പത്തികമായും സമയത്തിന്റെ കാര്യത്തിലും സുതാര്യതയുടെ കാര്യത്തിലും വേഗത്തിന്റെ കാര്യത്തിലുമൊക്കെ ധാരാളം മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുമ്പോൾ അതിന് നേതൃത്വം നൽകേണ്ടത് നിയമസഭാ പ്രവർത്തനങ്ങളിൽ കൂടിത്തന്നെയാണ്. നമ്മുടെ ഒരോരുത്തരുടെയും മുന്നിലുള്ള മേശപ്പുറത്തിരിക്കുന്ന ഈ പേപ്പറുകൾ അനിവാര്യതയല്ല. അതിനുപകരം ഹിമാചൽ പ്രദേശ് അസംബ്ലിയിൽ ഉള്ളതുപോലെ ടച്ച് സ്ക്രീൻ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഇവിടെയും വന്നാൽ

പ്രിന്റിംഗിന് വേണ്ടി നാം വെട്ടുന്ന മരങ്ങളെ സംരക്ഷിക്കാൻ കഴിയും. അതുകൊണ്ട് അത്തരത്തിലുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകണം. കേന്ദ്രഗവൺമെന്റ് സഹായത്തിന് കത്തെഴുതിയിട്ടുണ്ടെന്ന് പറഞ്ഞു. കേന്ദ്ര സഹായത്തിന് കാത്തുനിൽക്കാതെ സംസ്ഥാന ഗവൺമെന്റിന്റെ ഐ.ടി. ഡിപ്പാർട്ടുമെന്റിൽനിന്നോ മറ്റോ ഫണ്ട് കണ്ടെത്തി ഇതിന്റെ പ്രവർത്തനങ്ങൾക്ക് അടിയന്തരമായി തുടക്കം കുറിക്കാൻ ഗവൺമെന്റിന് കഴിയുമോ? ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറും ഒരു തീരുമാനമെടുത്തിരുന്നു. അത് നടപ്പിലാക്കാനുള്ള കൂടുതൽ നടപടികളെക്കുറിച്ചുകൂടി പറയണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കടലാസ് രഹിത ഡിജിറ്റൽ നിയമസഭയാക്കുമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പ്രഖ്യാപിച്ചതിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് നിയമസഭാംഗമായ ശ്രീ. ഷാഫി പറമ്പിൽ ഇത്തരത്തിലൊരു സബ്മിഷൻ കൊണ്ടുവന്നിട്ടുള്ളതെന്ന് കരുതുന്നു. അദ്ദേഹം പറഞ്ഞത് വളരെ നല്ല ആശയമാണ്. ആ ആശയം പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിന് ഏതൊക്കെ വിധത്തിൽ സാധിക്കും എന്നുള്ളത് ഗവൺമെന്റ് പരിശോധിക്കും. ടി പദ്ധതി പൂർണ്ണരൂപത്തിൽ കേരളത്തിൽ നടപ്പിലാക്കിയാൽ, വിഷയത്തിൽ സൂചിപ്പിച്ചിട്ടുള്ള പരിസ്ഥിതി സൗഹൃദ-കടലാസ് രഹിത നിയമസഭ

സാധ്യമാക്കുന്നതുപോലെ തന്നെ മറ്റ് മേഖലകളിലും സാധ്യമാക്കാൻ കഴിയും. ഏതായാലും ഇതൊരു നല്ല ആശയമാണ്. വളരെ പെട്ടെന്ന് ചിലപ്പോൾ സാധിച്ചുവെന്ന് വരില്ല. എന്നാലും ഏറ്റവും വേഗത്തിൽ സാധ്യതകൾ പരിശോധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച സബ്മിഷൻ വളരെ പ്രധാനപ്പെട്ടതാണ്. കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റം നിയമസഭയും സ്വീകരിക്കേണ്ടതുണ്ട്. അതിന്റെ ശ്രമങ്ങളാണ് നടത്തിവരുന്നത്. കഴിഞ്ഞ 20-ാം തീയതി ബാങ്ക്വറ്റ് ഹാളിൽ നടന്ന പരിപാടി എല്ലാവർക്കും അറിയാവുന്നതാണ്. ചോദ്യോത്തരങ്ങൾ കമ്പ്യൂട്ടറിൽ ആക്കുന്ന LAIS -ന്റെ ഉദ്ഘാടനമാണ് അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചത്. അന്നും ഞാൻ ഒരു കാര്യം സൂചിപ്പിച്ചിരുന്നു. പേപ്പർലെസ്സ് നിയമസഭയാക്കി മാറ്റുന്നതിനുള്ള ശ്രമം ഇന്ത്യയിലെ പല നിയമസഭകളും തുടങ്ങിയിട്ടുണ്ട്. ഹിമാചൽ പ്രദേശ് നിയമസഭ ഇതിനകംതന്നെ അത് പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞു. മറ്റ് ചില നിയമസഭകൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായം ചോദിച്ചിട്ടുണ്ട്. നമ്മളും ആ വഴിക്ക് നീങ്ങണമെന്നതന്നെയാണ് ചെയറിന്റെ ആഗ്രഹം. ഇതുസംബന്ധിച്ച് അധികം താമസിക്കാതെ വിവിധ രാഷ്ട്രീയ കക്ഷിനേതാക്കന്മാരുടെ യോഗം വിളിച്ചുചേർക്കും.

ആ യോഗത്തിൽ എടുക്കുന്ന തീരുമാനത്തിനനുസരിച്ച് മറ്റ് നടപടികൾ നമുക്ക് സ്വീകരിക്കാം. ഇത് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന കാര്യവുമാണ്. കേന്ദ്ര ഗവൺമെന്റിനോട് ആവശ്യമായ സഹായം ചോദിക്കണം. മുഴുവൻ തുകയും കേന്ദ്രത്തിൽനിന്ന് കിട്ടിയെന്ന് വരില്ല. ബാക്കി തുക കണ്ടെത്തേണ്ടതുണ്ട്. ഇപ്പോൾ തുടക്കം കുറിച്ചാലും 13-ാം കേരള നിയമസഭയിൽ പൂർണ്ണമായും പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നില്ലെങ്കിലും അധികം കഴിയുന്നതിനുമുമ്പ് കേരള നിയമസഭയിലും ഇത് യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമം, വിവിധ രാഷ്ട്രീയകക്ഷി നേതാക്കന്മാരുമായി ആലോചിച്ച് സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിക്കുന്നു.

## ഖാദി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഖാദി എന്നത് കേവലം ഒരു ടെക്സ്റ്റൈൽ ഉൽപ്പന്നം മാത്രമല്ല. അത് ദേശീയത്വത്തിന്റെയും രാജ്യസ്നേഹത്തിന്റെയും സ്വാശ്രയത്വത്തിന്റെയും പ്രതീകം കൂടിയാണ്. ആ മേഖലയിൽ ജോലി ചെയ്യുന്നവരിൽ അധികവും പാവപ്പെട്ട സ്ത്രീകളാണ്. ഖാദി മേഖലയുടെ ഇന്നത്തെ സ്ഥിതി അത്യന്തം പരിതാപകരമാണ്. വളരെ തുച്ഛമായ ശമ്പളമാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്. റിബേറ്റ് കാലാകാലങ്ങളിൽ

കൊടുക്കാത്തതുകൊണ്ട് അതിന്റെ ആനുകൂല്യം ആളുകൾക്ക് കിട്ടുന്നില്ല, ഉൽപ്പന്നങ്ങൾ യഥാസമയം വിറ്റഴിക്കപ്പെടുന്നില്ല. അതുപോലെ ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് സർക്കാർ കൊടുക്കേണ്ട വിഹിതം യഥാസമയം കൊടുക്കാത്തതുമൂലം അവർക്ക് പെൻഷനും ആനുകൂല്യങ്ങളും കൊടുക്കാൻ പറ്റുന്നില്ലെന്നുള്ളതാണ് സ്ഥിതി. ഇങ്ങനെ നിരവധി പരാതികളുണ്ട്. ഇടിവേട്ടേറ്റവനെ പാമ്പ് കടിച്ചുവെന്ന് പറയുന്നതുപോലെ ഇപ്പോൾ ഖാദി ഉൽപ്പന്നങ്ങൾക്ക് ടാക്സ് ചുമത്താനുള്ള നിർദ്ദേശം വന്നിരിക്കുന്നുവെന്നാണ് പറയപ്പെടുന്നത്. കഴിഞ്ഞ വർഷം ഈ നിർദ്ദേശം ഉണ്ടായിരുന്നു. വിവിധ ഭാഗത്തുനിന്നുള്ള അഭിപ്രായങ്ങൾ മാനിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യം ഉപേക്ഷിച്ചു. അടിയന്തരമായി തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കണം, റിബേറ്റ് കുടിശ്ശികയും തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്കുള്ള സർക്കാർ വിഹിതവും കൊടുക്കണം. ഖദർ വസ്ത്ര ധാരിയായ മാണിസാർ ഖാദി രംഗത്തോട് കാരുണ്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): സർ, ഖാദിയോട് ആഭിമുഖ്യമുള്ള ആളാണ് ഞാൻ. അതുകൊണ്ടാണ് എല്ലാക്കാലവും ഞാൻ ഖാദി വസ്ത്രങ്ങൾ ധരിക്കുന്നത്. ആ നിലയ്ക്ക് നടപ്പുസാമ്പത്തിക

വർഷം ഖാദിഗ്രാമ വ്യവസായ ബോർഡിന് ചില്ലറ വിൽപ്പനയ്ക്കുള്ള പ്രത്യേക റിബേറ്റ് ഇനത്തിൽ 7.13 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തുന്നതിൽ, വിഭവ ലഭ്യതയുടെ അഭാവത്തിൽ നടപ്പുസാമ്പത്തിക വർഷം 5 കോടി രൂപ കൊടുത്തിട്ടുണ്ട്. ഈ 5 കോടി രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റും ചെലവ് കണക്കുകളും നൽകുന്ന മുറയ്ക്ക് ബാക്കി തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നടപ്പുവർഷം ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിനുള്ള സർക്കാർ വിഹിതം 20 ലക്ഷം രൂപ നൽകിയിരുന്നു. പ്രസ്തുത തുകയുടെയും 2014-15 വർഷം അനുവദിച്ച 20 ലക്ഷം രൂപയുടെയും വിനിയോഗ സർട്ടിഫിക്കറ്റും ഏറ്റവും പുതിയ ഓഡിറ്റ് അക്കൗണ്ട്സും വരവ് ചെലവ് കണക്കുകളും ലഭ്യമാക്കുന്ന മുറയ്ക്ക് അധിക തുക ഉടൻ അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ടാക്സ് ഒഴിവാക്കുന്നത് സംബന്ധിച്ച് ഇന്ന് വൈകുന്നേരം ആലോചന നടക്കുന്നുണ്ട്. അതുകഴിഞ്ഞ് പറയാം.

## കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം

ശ്രീ. ഇ. കെ. വിജയൻ: സർ, കഴിഞ്ഞ നാലഞ്ചു മാസത്തിനിടയ്ക്ക് വേനൽ മഴയിലും കാലവർഷ കെടുതിയിലുംപെട്ട് നാദാപുരം മണ്ഡലത്തിലെ രണ്ട് മൂന്ന് പഞ്ചായത്തുകളിൽ വ്യാപകമായി കൃഷിനാശം സംഭവിച്ചിരിക്കുകയാണ്.

വാണിമേൽ, കായക്കൊടി, കാവിലുംപാറ എന്നീ പഞ്ചായത്തുകളിൽ വ്യാപകമായും മറ്റു ചില ഗ്രാമപഞ്ചായത്തുകളിലും മലയോര മണ്ഡലമായതുകൊണ്ടുതന്നെ എല്ലാ വർഷവും ഉണ്ടാകുന്നതുപോലെ ഈ വർഷവും കാലവർഷക്കെടുതിയിൽ കൃഷിക്കാർക്ക് വലിയ നഷ്ടം സംഭവിച്ചിരിക്കുകയാണ്. പാവപ്പെട്ട കൃഷിക്കാരാണ്. അവിടെയുള്ള തെങ്ങ്, വാഴ, കവുങ്ങ് തുടങ്ങിയ കൃഷികൾക്കാണ് നാശം സംഭവിച്ചിട്ടുള്ളത്. കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന പാവപ്പെട്ട ചെറുകിട കർഷകരാണ് ഏറിയ പങ്കും. വലിയ തോതിലുള്ള നഷ്ടമാണ് അവർക്ക് ഇതുമായി ബന്ധപ്പെട്ട് സംഭവിച്ചിട്ടുള്ളത്. വീടുകളുടെ നഷ്ടത്തിന് ചെറിയ സാമ്പത്തിക സഹായം ഇതിനകം ലഭിച്ചിട്ടുണ്ട്. പക്ഷെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നാശം സംഭവിച്ച കൃഷിക്കാർക്ക് ഇനിയും ആശ്വാസ നടപടികൾ ലഭിച്ചിട്ടില്ല. അത് വളരെ വേഗം നൽകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. അതോടൊപ്പം അവിടെ വിത്തുതേങ്ങ ശേഖരിച്ചിട്ട് ഇതുവരെ കൃഷിക്കാർക്ക് അതിന്റെ വില ലഭിക്കാത്ത സാഹചര്യമുണ്ട്. കൃഷിക്കാർ സംഘടിതമായി കക്ഷി രാഷ്ട്രീയത്തിനതീതമായി കൃഷിക്കാർ എന്ന നിലയ്ക്ക് അവിടെയിപ്പോൾ ഒരു പ്രക്ഷോഭണത്തിലാണ്. റബ്ബറിന് വിലയില്ല, നാളികേരത്തിന്റെ വിലയാണെങ്കിൽ മൂന്നിലൊന്നായി കുറഞ്ഞ സാഹചര്യത്തിൽ, കൃഷിക്കാർ വളരെ പ്രയാസത്തിലാണ്.

ശേഖരിച്ച വിത്തുതേങ്ങയുടെ പണം വളരെ വേഗം നൽകുവാനും ഇതുമായി ബന്ധപ്പെട്ട് ഒരു നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കോഴിക്കോട് ജില്ലയിലെ നാദാപുരം നിയോജക മണ്ഡലത്തിലെ കാവിലുംപാറ, കായക്കൊടി, മരുതോങ്കര, വാണിമേൽ തുടങ്ങി വിവിധ പ്രദേശങ്ങളിൽ 2015 ഇടവപ്പാതിയിലുണ്ടായ കനത്ത മഴയിലും ചുഴലിക്കാറ്റിലും ഏകദേശം 391 കർഷകരുടെ 18.5 ഹെക്ടർ ഭൂമി അതായത് 46 ഏക്കർ പ്രദേശത്ത് കൃഷിനാശം സംഭവിച്ചിട്ടുണ്ട്. പ്രധാനമായും വാഴ, തെങ്ങ്, കുരുമുളക്, പച്ചക്കറി, കവുങ്ങ് എന്നീ വിളകൾക്കാണ് നാശനഷ്ടമുണ്ടായത്. പ്രാഥമിക റിപ്പോർട്ട് പ്രകാരം 92 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കുന്നു. നാശനഷ്ടമുണ്ടായ കർഷകരിൽനിന്നും ധനസഹായത്തിനുള്ള അപേക്ഷ സ്വീകരിച്ച് ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഉടൻതന്നെ നഷ്ടപരിഹാരം നൽകുന്നതാണ്. ഇതിലെ ഒരു പ്രധാനപ്പെട്ട കാരണമെന്ന് പറയുന്നത്, ഇതിന്റെ കേന്ദ്ര സഹായം കുറച്ചു, സംസ്ഥാന സർക്കാരുതന്നെ മുൻകയ്യെടുത്തുകൊണ്ട് ഇതിന് പ്രത്യേക സഹായം നൽകാൻ

വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മറ്റൊരു കാര്യം മുൻകൂട്ടി എഴുതിതന്നതല്ല, എന്നാൽപ്പോലും, വിത്തുതേങ്ങാ സംഭരണത്തെക്കുറിച്ചാണ്. വിത്തുതേങ്ങയ്ക്ക് 37 രൂപാക്രമത്തിൽ 2,19,556 തേങ്ങകൾ കഴിഞ്ഞ വർഷം സംഭരിച്ചു. 91.81 ലക്ഷം രൂപ, വിത്തുതേങ്ങ സംഭരിച്ചവകയിൽ കർഷകർക്ക് നൽകാൻ ബാക്കിയുണ്ട്. സംഭരിച്ച തേങ്ങയുടെ വില, കയറ്റിറക്ക് കൂലി തുടങ്ങിയ അനുബന്ധ ചെലവുകൾ ഉൾപ്പെടെ റീ-അപ്രോപ്രിയേഷൻ വഴി കഴിഞ്ഞവർഷം തുക കണ്ടെത്താൻ ശ്രമിച്ചിരുന്നെങ്കിലും ലഭിച്ചില്ല. ഈ വർഷത്തെ സംഭരണം നവംബർ-ഡിസംബർ മാസങ്ങളിലാണ് ആരംഭിക്കുന്നത്. ഈ വർഷം കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡ് വഴി നടപ്പിലാക്കുന്നതിനുവേണ്ടി 3 ലക്ഷംരൂപ കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. വിത്തുതേങ്ങയുടെ വില ഡബ്ല്യൂ.സി.റ്റി. ഇനത്തിന് 37 രൂപയും ഹൈബ്രിഡ് ഇനത്തിന് 42 രൂപയുമാണ്. കർഷകർക്ക് നൽകാനുള്ള കുടിശ്ശിക തുകയായ 91.81 ലക്ഷം രൂപ നൽകുവാനുള്ള വിഷയം നാളത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ വച്ചിട്ടുണ്ട്. ആ ഗ്രൂപ്പ് യോഗത്തിൽ പരിഗണിച്ചുകൊണ്ട് വർക്കിംഗ് ഗ്രൂപ്പ് പാസ്സാക്കിയാലുടൻ അത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## സ്പെഷ്യൽ നിയമനം

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ പോലീസ് സേനയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ടാണ് ഞാൻ ഈ സബ്മിഷൻ സഭയിലുന്നയിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും അതിനോടൊപ്പം ഈ വിഭാഗത്തിനെതിരെ നടക്കുന്ന അതിക്രമങ്ങളും ചൂഷണങ്ങളും മാവോയിസ്റ്റുകളുടെ കടന്നുകയറ്റവും തടയുന്നതിനും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്നാണ് ഞാനാവശ്യപ്പെടുന്നത്. ആദരണീയനായ ലീഡർ കെ. കരുണാകരൻ ഈ സഭയിലെ മുഖ്യമന്ത്രിയായിരിക്കുന്ന ഘട്ടത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റുകൾ നടത്തി വിവിധ വകുപ്പുകളിലേയ്ക്ക് ആദിവാസികളായ ഉദ്യോഗാർത്ഥികളുടെ നിയമനം നടത്തിയിട്ടുണ്ട്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുന്ന ഘട്ടത്തിൽ 300 ഫോറസ്റ്റ് ഗാർഡുമാരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കുകയുണ്ടായി. പ്രിയങ്കരനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഈ കാലയളവിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി 700 ഫോറസ്റ്റ് വാച്ചർമാരെ നിയമിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പ് മന്ത്രി അന്ന് കെ.പി.സി.സി. പ്രസിഡന്റായിരുന്ന ഘട്ടത്തിൽ 'ഗാന്ധിഗ്രാമം' പദ്ധതിയിലൂടെ കോളനികളിൽ നേരിട്ടെത്തി പട്ടികവർഗ്ഗക്കാരുടെ ജീവിതരീതി

മനസ്സിലാക്കിയ വ്യക്തിയാണ്. മാത്രമല്ല, വയനാട് ജില്ലയിലെ മാവോയിസ്റ്റുകളുടെ അതിപ്രസരവും കടന്നുകയറ്റവും ഉണ്ടായപ്പോൾ അദ്ദേഹം നേരിട്ടുതന്നെ ഈ കോളനികളൊക്കെ സന്ദർശിച്ച് ഇവരുടെ ജീവിതരീതികളും വികസനപ്രവർത്തനങ്ങളൊക്കെ വിലയിരുത്തിയിട്ടുണ്ട്. വളരെ വിദ്യാസമ്പന്നരായ, കഴിവുള്ള, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾ വയനാട് ജില്ലയിലുൾപ്പെടെ കേരളത്തിലെ 14 ജില്ലകളിലുമുണ്ട്. അങ്ങ് ഇടപെട്ട് ഇത്തരം യുവതീ-യുവാക്കൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി പോലീസ് സേനയിൽ നിയമനം നൽകണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. മാത്രമല്ല, റിക്കോർഡ് പരിശോധിച്ചപ്പോൾ പോലീസ് സേനയിൽ പട്ടികവർഗ്ഗക്കാരുടെ എണ്ണം വളരെ കുറവാണ്. അത്തരം കാര്യങ്ങൾകൂടി പരിഹരിക്കാൻ കഴിയണമെന്നാണ് ഈ സഭയിൽ എനിക്ക് ബോധിപ്പിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിന്റെ വടക്കൻ ജില്ലകളായ വയനാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളുടെ പലഭാഗത്തും കേരള-കർണ്ണാടക-തമിഴ്നാട് സംസ്ഥാനാതിർത്തി പ്രദേശങ്ങളിലെ പശ്ചിമഘട്ട വനമേഖലയിലും ആദിവാസി ഊരുകളിലും മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാവോയിസ്റ്റ്

സംഘടനയിൽപ്പെട്ടവർ ആദിവാസികളുടെ ക്ഷേമം അന്വേഷിക്കുന്നതായി ഭാവിക്കുകയും അവർക്കുവേണ്ടി നിലകൊള്ളുന്നവരാണെന്ന് അവരെ ധരിപ്പിക്കുകയും പോലീസ്-ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർക്കും മറ്റ് സർക്കാർ സംവിധാനങ്ങൾക്കുമെതിരെ അവരുടെ പോരാട്ടത്തിൽ ആദിവാസികളുടെ സഹായമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തുവരുന്നു. സമൂഹത്തിന്റെ വളരെ താഴേയ്ക്കിടയിലുള്ള ജനവിഭാഗങ്ങൾ, പ്രത്യേകിച്ചും ആദിവാസികൾക്കിടയിൽ പ്രവർത്തിച്ച് അവർക്കിടയിൽ സ്വാധീനം ഉറപ്പിക്കാനാണ് മാവോയിസ്റ്റുകൾ പ്രധാനമായും ശ്രമിക്കുന്നത്. ആദിവാസി വിഭാഗങ്ങളുടെ പിന്തുണയും അവരുടെ സ്വാധീനവുമാണ് ഇതിലൂടെ അവർ ലക്ഷ്യമിടുന്നത്. ആദിവാസി വിഭാഗത്തിൽപ്പെട്ടവർ മാവോയിസ്റ്റുകളുടെ സ്വാധീനത്തിന് വശംവദരായി അവർക്ക് യഥേഷ്ടം പ്രവർത്തിക്കുന്നതിനുള്ള അവസരമുണ്ടാക്കികൊടുക്കുന്നത് ചെറുക്കേണ്ടതാവശ്യമാണ്. ഒരു കാര്യത്തിൽ നമുക്ക് സന്തോഷമുണ്ട്, ഒരു ആദിവാസി സംഘടനയോ, ഒരു രാഷ്ട്രീയ പാർട്ടിയോ ഇവരുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ പോലീസ് സേനയിൽ ആദിവാസികളുടെ എണ്ണം വളരെ കുറവാണ്. അത്

വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ആദിവാസ മേഖലയിലെ വികസന പരിപാടികൾ ശക്തിപ്പെടുത്തുക, അവർക്ക് വിവിധ ഗവൺമെന്റ് സംവിധാനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക, അവരുടെകൂടി ഒരു ഗവൺമെന്റാണ് നാട് ഭരിക്കുന്നത് എന്ന ബോധ്യമുണ്ടാവുക എന്നിവ പ്രധാനപ്പെട്ട ഘടകങ്ങളാണ്. അതിനുവേണ്ടിയാണ് പോലീസ് സേനയിൽ ആദിവാസികൾക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താനുള്ള തീരുമാനമെടുത്തിട്ടുള്ളത്. വനത്തോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെ ട്രൈബൽ സെറ്റിൽമെന്റ് കോളനികളിലെ ആദിവാസികളായ യുവജനങ്ങളെ പോലീസ്-എക്സൈസ് വകുപ്പുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി തെരഞ്ഞെടുക്കുന്നതിനായി സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ചേർന്ന് അതിന്റെ നടപടിക്രമങ്ങൾ തീരുമാനിക്കുന്നതിനായി 21-03-2015-ലെ ജി.ഒ.(എം.എസ്.) നം.56/2015/ആഭ്യന്തരം നം. ഉത്തരവുപ്രകാരം ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും കൺവീനറുമായും നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികവർഗ്ഗ വികസന പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് എന്നിവർ അംഗങ്ങളുമായി ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി 17-04-2015-ൽ ആദ്യ യോഗം ചേരുകയും കേരള പബ്ലിക് സർവ്വീസ്

കമ്മീഷൻ, സംസ്ഥാന പോലീസ് മേധാവി എന്നിവരുടെ പ്രതിനിധികളെക്കൂടി പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ നിയമനം നടത്തുന്നതിനുള്ള ഒഴിവുകൾ കണ്ടുപിടിക്കുന്നതിനും ശാരീരിക അളവുകൾ, പ്രായം എന്നിവയിൽ ഇളവ് അനുവദിക്കുന്നതിനും ഉള്ള വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവി, നികുതി വകുപ്പ് സെക്രട്ടറി എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയെ പ്രസ്തുത കമ്മിറ്റിയിൽ നാമനിർദ്ദേശം ചെയ്തതായി കമ്മീഷൻ അറിയിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ നിയമപരമായ മേൽ നടപടി, മേൽ പരാമർശിച്ച പ്രദേശങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ച് പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്ന് 200 പോലീസ് കോൺസ്റ്റബിൾമാരെ ഡയറക്ടായി നിയമിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അത് ഒക്ടോബർ 2-ാം തീയതിക്കുമുമ്പ് പ്രാബല്യത്തിൽ വരുമെന്ന് ബഹുമാനപ്പെട്ട മെമ്പറെയും ഈ സഭയേയും അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു.

## ഫയർ സ്റ്റേഷൻ അനുവദിക്കൽ

ശ്രീ. കെ. വി. വിജയദാസ് : സർ, കോങ്ങാട് മണ്ഡലത്തിൽ ഒരു ഫയർ

സ്റ്റേഷൻ സ്ഥാപിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട സർക്കാരിനോട് ആവശ്യപ്പെടുന്നത്. രണ്ടാംതവണയാണ് ഞാൻ ഈ കാര്യം സഭയിൽ ഉന്നയിക്കുന്നത്. മലയോര മേഖലയായ കോങ്ങാട് മണ്ഡലത്തിൽ മലയിടിച്ചിലും ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഗ്യാസ് ടാങ്കർ അപകടങ്ങളും കാട്ടുതീയുമെല്ലാം സർവ്വസാധാരണയാണ്. ഷൊർണ്ണൂർ, പാലക്കാട് കേന്ദ്രങ്ങളിൽനിന്നും ഫയർ സർവ്വീസ് എത്താൻ ഏതാണ്ട് 40 കി. മീ. ദൂരമെങ്കിലും പിന്നിടണം. കോങ്ങാട് പഞ്ചായത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട സ്ഥലം മൃഗസംരക്ഷണ വകുപ്പിന്റേതാണ്. അതിന്റെ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി ഫയർ ആന്റ് റസ്ക്യൂ ഡിപ്പാർട്ട്മെന്റിന് കൈമാറാൻ അനുമതിയായിക്കഴിഞ്ഞു. ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ പെർമിസീവ് സാങ്ഷനും ലഭിച്ചുകഴിഞ്ഞു. ഇനി ക്യാബിനറ്റിൽവച്ചിട്ടുള്ള അംഗീകാരം മാത്രമാണ് ബാക്കി. ഫയർസ്റ്റേഷനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാൻ ഞങ്ങൾ ഒരുക്കമാണ്. ആയതിനാൽ കോങ്ങാട് ഫയർസ്റ്റേഷൻ യാഥാർത്ഥ്യമാക്കൽ സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കണമെന്നും ഫയർസ്റ്റേഷൻ അനുവദിക്കാൻ നടപടികൾ സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, സംസ്ഥാനത്ത് വിവിധ നിയോജകമണ്ഡലങ്ങളിൽ ഫയർ സ്റ്റേഷന്റെ ആവശ്യത്തെക്കുറിച്ച് ഈ നിയമസഭയിൽ നാലാമത്തെ തവണയാണ് ഞാൻ മറുപടി പറയുന്നത്. ഫയർ ആന്റ് സേഫ്റ്റി സർവ്വീസസിന്റെ അനിവാര്യതയെയാണ് അത് ചൂണ്ടിക്കാണിക്കുന്നത് . പക്ഷെ ഇതിന് ബഡ്ജറ്റ് അലോക്കേഷൻ വളരെ കുറവാണ്. അതാണ് ഇതിന്റെ പ്രശ്നം. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. വി. വിജയദാസ് കഴിഞ്ഞതവണയും ഇതുസംബന്ധിച്ചൊരു സബ്മിഷൻ ഇവിടെ അവതരിപ്പിച്ചതാണ്. കോങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 3-ൽ റീസർവ്വെ നമ്പർ 305/17 ആയി മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള 40 സെന്റ് സ്ഥലം ഫയർ ആന്റ് റസ്ക്യൂ സർവ്വീസസിന് കൈമാറാൻ കൃഷി വകുപ്പുമന്ത്രിതന്നെ മുൻകൈയെടുത്തിട്ടുണ്ട്. ആ സ്ഥലം കൈമാറാനുള്ള നടപടികൾ ഇപ്പോൾ റവന്യൂ വകുപ്പിൽ അന്തിമഘട്ടത്തിലാണ്. നിലവിൽ സ്വന്തമായ സ്ഥലമോ കെട്ടിടമോ ലഭ്യമായ സ്ഥലങ്ങളിലാണ് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന്റെ സ്റ്റേഷൻ അനുവദിക്കുന്നത്. മേൽ സാഹചര്യത്തിൽ ആവശ്യമായ കെട്ടിടവും സ്ഥലവും വന്നുകഴിഞ്ഞാൽ ഉടൻതന്നെ അവിടെ ഫയർ സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഓപ്പറേഷൻ അനന്തയുടെ അപാകതകൾ**

ശ്രീ. വി. ശിവൻകുട്ടി : സർ, തലസ്ഥാന നഗരിയിലെ ഏറ്റവും പ്രധാനപ്പെട്ടൊരു പ്രശ്നമാണ് വെള്ളപ്പൊക്കം. ചെറിയൊരു മഴ പെയ്താൽതന്നെ കിഴക്കേകോട്ട, തമ്പാനൂർ തുടങ്ങി തിരുവനന്തപുരം നഗരത്തിലെ ഏതാണ്ട് നൂറ് കോർപ്പറേഷൻ വാർഡുകളിലും പെട്ടെന്നുതന്നെ വെള്ളപ്പൊക്കമുണ്ടാവുകയും വീടുകളുടെയും ഓഫീസുകളുടെയുമൊക്കെ രണ്ടുനിലപ്പൊക്കത്തിൽ വെള്ളംപൊങ്ങുന്ന സ്ഥിതി വിശേഷമാണുള്ളത്. മാറിമാറി വരുന്ന ഗവൺമെന്റുകൾ ഒരുപാട് പദ്ധതികൾ ആസൂത്രണം ചെയ്തെങ്കിലും ആ പദ്ധതികളൊന്നും വിജയിച്ചില്ല. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻതന്നെ മുൻകൈയെടുത്തുകൊണ്ട് ഒരു കമ്മീഷനെ നിയമിച്ചു. ഇപ്പോൾ അപ്പുറത്തിരിക്കുന്ന ശ്രീ. മോൻസ് ജോസഫ് ചെയർമാനായിട്ടുള്ള ഒരു കമ്മീഷനായിരുന്നു അത്. ആ കമ്മീഷൻ ജനപ്രതിനിധികളുടെയും നാട്ടുകാരുടെയുമൊക്കെ അഭിപ്രായങ്ങൾ കേട്ട് പഠിച്ച്, മദ്രാസ് ഐ.ടി.യിൽ നിന്ന് ഉദ്യോഗസ്ഥർ വന്ന് സാങ്കേതികമായിട്ടുള്ള വിവരങ്ങൾ മനസ്സിലാക്കി ഒരു ലോംഗ് ടേം പ്രോജക്ടും ഒരു ഷോർട്ട് ടേം പ്രോജക്ടും ഉണ്ടാക്കി. അപ്പോൾ ആ ഗവൺമെന്റിന്റെ കാലാവധി കഴിഞ്ഞു. അതിനുശേഷം

ആ പേപ്പർ അങ്ങനെതന്നെയിരിക്കുകയാണ്. ഈയടുത്ത കാലത്ത് ഓപ്പറേഷൻ അനന്ത എന്നുപറഞ്ഞ്...... ഞാൻ മുഖ്യമന്ത്രിക്കാണ് യഥാർത്ഥത്തിൽ ഈ സബ്മിഷൻ കൊടുത്തത്. കാരണം, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, പി.ഡബ്ല്യൂ.ഡി., കോർപ്പറേഷൻ, ദുരന്തനിവാരണ വകുപ്പ്, റവന്യൂ വകുപ്പ് തുടങ്ങിയ എല്ലാ വകുപ്പും മറുപടി പറയേണ്ടതാണ്. അതുകൊണ്ട് ഒരു നഗരകാര്യ വകുപ്പുമന്ത്രിമാത്രം മറുപടി പറഞ്ഞാൽ തീരുന്നതല്ല. ഓപ്പറേഷൻ അനന്ത എന്നുപറഞ്ഞൊരു പ്രോജക്ടുമായി നമ്മുടെ ചീഫ് സെക്രട്ടറിയുടെയും ജില്ലാ കളക്ടറുടെയും നേതൃത്വത്തിൽ കുറച്ച് ഉദ്യോഗസ്ഥൻമാരിറങ്ങി. ഇത് ആര് തീരുമാനിച്ചെന്നൊന്നും അറിയില്ല. അതിനുശേഷം അവർ ചെയ്തതെന്താണെന്നുവച്ചാൽ ഒരു ജെ.സി.ബി.യും ബുൾഡോസറുമെടുത്ത് ഇടിച്ചുനിരത്താൻ തുടങ്ങി. ഒരു മാസക്കാലം വില്ലേജ് ഓഫീസുകളൊന്നും വർക്ക് ചെയ്തില്ല. സകല റവന്യൂ ഡിപ്പാർട്ട്മെന്റിലേയും ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി. തിരുവനന്തപുരത്തിന്റെ ചുമതലയുള്ള മന്ത്രി ശ്രീ. വി. എസ്. ശിവകുമാറിനോട് ചോദിച്ചപ്പോൾ അദ്ദേഹം ഇതൊന്നും അറിഞ്ഞിട്ടില്ലായെന്നാണ് അറിയാൻ കഴിഞ്ഞത്. അട്ടക്കുളങ്ങര വഞ്ചിയൂർ കോടതിയുടെ മുന്നിൽ കരിയത്തോട്, കിഴക്കേകോട്ടയിലെ ഹോമിയോ ആശുപത്രി, ഇടപ്പഴഞ്ഞി, റൂബി നഗർ,

ആര്യശാല, മരക്കടറോഡ്, ബേക്കറി ജംഗ്ഷൻ, കരിമഠം കോളനി, ആമയിഴഞ്ചാൻ തോട്, അരിസ്റ്റോ ജംഗ്ഷൻ, അട്ടക്കുളങ്ങര മെയിൻറോഡ് അടക്കമുള്ള സ്ഥലങ്ങൾ ചീഫ് സെക്രട്ടറിയും കളക്ടറുമായി വന്ന് ജെ.സി.ബി. ഉപയോഗിച്ച് കുഴിച്ചിട്ടിരിക്കുകയാണ്. ഇവിടെ ചോദിക്കാനും പറയാനും ആരുമില്ലേ? ഇവിടെ നഗരസഭയുണ്ട്, ഇവിടെ ട്രിഡയുണ്ട്, നഗരകാര്യവകുപ്പ് മന്ത്രിയുണ്ട്, തിരുവനന്തപുരം ജില്ലയുടെ ചുമതലയുള്ള മന്ത്രിയുണ്ട്, എം.എൽ.എ.മാരുണ്ട്. ആരോടും ആലോചിക്കാതെ, ടെണ്ടർ വിളിക്കാതെ, പ്രോപ്പർ നടപടിക്രമങ്ങൾ പൂർത്തീകരിക്കാതെ, പ്രോപ്പർ പ്ലാനിംഗില്ലാതെ കണ്ടിടത്തൊക്കെ ഒരു ബുൾഡോസറും ജെ.സി.ബി.യുമായി വന്ന് ഇടിച്ച് നിരത്തിയിട്ടിട്ട് 4 മാസം കഴിഞ്ഞിരിക്കുകയാണ്. ഈ സ്ഥലങ്ങളിൽ ആൾക്കാർക്ക് നടക്കാൻപോലും സാധിക്കില്ല. മഴപെയ്താൽ ഒരു തുള്ളി വെള്ളത്തിന്റെ കുറവുണ്ടായില്ലെന്നുമാത്രമല്ല, ഈ നഗരത്തിലെ ജനങ്ങൾ ദുരന്തം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഒന്നിറങ്ങി നോക്കണം. പാവപ്പെട്ടവന്റെ ഹോമിയോ ആശുപത്രി ഇടിച്ചുമാറ്റാൻ പോവുകയാണ്. മന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡാണ് അട്ടക്കുളങ്ങര ബൈപ്പാസ്. ആ അട്ടക്കുളങ്ങര ബൈപ്പാസ് പൊളിച്ചിട്ടിട്ട് നാലുമാസം

കഴിഞ്ഞിരിക്കുന്നു. എന്തെങ്കിലും നടപടിയെടുക്കുന്നതിന് തയ്യാറായിട്ടുണ്ടോ? ഇവർക്കൊക്കെ ആരാണ് അധികാരം കൊടുത്തിരിക്കുന്നത്, ഇവിടെയൊരു ഗവൺമെന്റുണ്ടോ; തിരുവനന്തപുരത്തൊരു മന്ത്രിയുണ്ടോ? ചീഫ് സെക്രട്ടറി ഇതൊക്കെ ഇടിച്ചിട്ട് ചൈനയിൽപോയി. കളക്ടർ ഇതെല്ലാം ഇടിച്ചുപൊളിച്ചിട്ടിട്ട് വേറെയേതോ രാജ്യത്ത് പോയി. എന്താണ് സർ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്? ഇങ്ങനെയൊരു കാലഘട്ടം ഏതെങ്കിലുമൊരു കാലത്തുണ്ടായിട്ടുണ്ടോ? ഓപ്പറേഷൻ അനന്തയുടെ പേരിൽ ഇപ്പോൾ കുഴിച്ചിട്ടിരിക്കുന്ന പ്രദേശങ്ങൾ മൂടിയല്ലാതെ ചീഫ് സെക്രട്ടറിയല്ല, ഇനി ആര് ജെ.സി.ബി.യും ബുൾഡോസറുമായി വന്നാലും ജനങ്ങൾ ചെറുക്കുമെന്ന കാര്യം ഞാൻ അങ്ങയെ അറിയിക്കുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ബഹുമാനപ്പെട്ട ശ്രീ. വി. ശിവൻകുട്ടിയുടെ സ്വഭാവം രാവിലെ വളരെ നല്ലതായിരുന്നു. ഇപ്പോൾ അദ്ദേഹം വളരെ രോഷാകുലനാണ്. എന്താണെന്ന് എനിക്കറിയില്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, ....................(ബഹളം)........................

മി. സ്പീക്കർ: അങ്ങേയ്ക്ക് മറുപടി വേണ്ടേ. അങ്ങ് ആറ് മിനിട്ടെടുത്താണ് അവതരിപ്പിച്ചത്. ഇനി ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയട്ടെ.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, തിരുവനന്തപുരം നഗരത്തിൽ നിരന്തരം ഉണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി ഓപ്പറേഷൻ അനന്ത എന്ന പേരിൽ സർക്കാർ ഒരു കർമ്മപദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ......(ബഹളം)....... പേര് നൽകുന്നതിന് ശ്രീ. വി. ശിവൻകുട്ടിയോട് ചോദിക്കണമെന്ന് പറയുന്നത് ശരിയല്ല. മന്ത്രിസഭ അറിഞ്ഞുകൊണ്ടുതന്നെയാണ് പേരിട്ടിട്ടുള്ളത്. .......കനാലുകളിലെ നീരൊഴുക്ക് തടസ്സപ്പെടുത്തിക്കൊണ്ടുള്ള കൈയ്യേറ്റങ്ങളും നിർമ്മാണപ്രവർത്തനങ്ങളും ഒഴിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതിക്ക് തുടക്കമിട്ടത്. ഓടകൾ കൈയ്യേറിയതിന് വലിപ്പ ചെറുപ്പമില്ല. രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ, ആശുപത്രികൾ, റസിഡൻഷ്യൽ അസോസിയേഷൻ കെട്ടിടങ്ങൾ, കടകൾ, ടെക്സ്റ്റൈൽസ്സ്, ഫൈവ് സ്റ്റാർ ഹോട്ടലുകൾ, മൂന്ന് പത്രമാഫീസുകൾ തുടങ്ങിയവ ഇതിലുൾപ്പെടുന്നു. ഓടയും മറ്റും കയ്യേറിയവരെ ഒഴിപ്പിക്കൽ നടപടി തുടർന്നു വരുന്നു. കയ്യേറ്റം ഒഴിപ്പിക്കുന്നതിനെതിരെ ചില വ്യക്തികൾ കോടതിയെ സമീപിച്ചതിനാൽ അത്തരം കയ്യേറ്റങ്ങൾക്കെതിരെയുള്ള നടപടികൾക്ക് കാലതാമസമുണ്ടാകുന്നുണ്ട്. അനധികൃതമായ കെട്ടിട നിർമ്മാണങ്ങൾക്ക് കോർപ്പറേഷൻ നമ്പർ നൽകിയതിനെപ്പറ്റി അന്വേഷിക്കാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ വകുപ്പുകൾ ചേർന്നുള്ള കൂട്ടായ പ്രവർത്തനമാണ് ഓപ്പറേഷൻ അനന്ത. ഈ

പ്രവർത്തനങ്ങൾ റോഡ് ഫണ്ട് ബോർഡാണ് ഏകോപിപ്പിക്കുന്നത്. പൊതുജനത്തിനുണ്ടാകുന്ന പ്രയാസങ്ങൾ ഒഴിവാക്കാൻ കളക്ടർ ഇടയ്ക്കിടെ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് വിലയിരുത്തുകയും തുടർനടപടികൾക്കുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. പൊളിച്ച തോടുകളുടെ മാലിന്യങ്ങളും അവശിഷ്ടങ്ങളും അപ്പോൾ തന്നെ നീക്കം ചെയ്യുന്നുണ്ട്. റോഡ് പ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങളിൽ പൊതുജനങ്ങൾക്കായി സൂചനാ ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. പൊതുജനത്തിന് പ്രയാസമുണ്ടാക്കുന്ന പ്രവൃത്തികളെല്ലാം ഓണത്തിനുമുമ്പ് പൂർത്തിയാക്കണമെന്ന കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അതേസമയം മൺസൂൺകാലമായതിനാൽ ഇടയ്ക്കിടെ മഴ പെയ്യുന്നതുകാരണം കോൺക്രീറ്റ് പണികൾ നടത്തുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. വെള്ളംമാറുന്ന മുറയ്ക്ക് പ്രവൃത്തികൾ തുടരുന്നുണ്ട്. ഓപ്പറേഷൻ അനന്തയുടെ ഭാഗമായി ഇരുപതോളം പ്രവ്യത്തികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതിൽ അടിയന്തിരമായി ചെയ്യേണ്ടതും ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ടതും രണ്ടായി വേർതിരിച്ചിട്ടുണ്ട്. ഇപ്പോഴത്തെ പ്രവ്യത്തികൾ തുടങ്ങുന്നതിന് മുമ്പ് കിഴക്കേകോട്ട, തമ്പാനൂർ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന വെള്ളക്കെട്ട് 10-12 മണിക്കൂർ വരെ നിലനിന്നിരുന്നു. എന്നാൽ അടിയന്തരപ്രവ്യത്തികൾ നടത്തിയശേഷം രണ്ടു മണിക്കൂറിനുള്ളിൽ വെള്ളം

ഒഴുകിപോകുന്നുണ്ട്. നീരൊഴുക്ക് സുഗമമാകുന്നത് പ്രവൃത്തികൾ ശാസ്ത്രീയമായി നടക്കുന്നതിന്റെ തെളിവാണ്. ഇതിന് ഒരു പ്രയാസവുമില്ല. ഓണത്തിനുമുമ്പ് പ്രശ്നങ്ങളൊക്കെ പരിഹരിക്കും.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തിരുവനന്തപുരം നഗരത്തിന്റെ ശാപമായിരുന്നു ഇവിടുത്തെ വെള്ളക്കെട്ട്. ഇത് അനധികൃതമായി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി കൊടുത്തതിന്റെ ഫലമായുണ്ടായതാണ്. ഓരോ ഗവൺമെന്റ് വരുമ്പോഴും കോടിക്കണക്കിന് രൂപ ഇതിനുവേണ്ടി ചെലവഴിച്ചു. പക്ഷെ ഇതിന് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞില്ല. ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും നഗരകാര്യ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ചീഫ് സെക്രട്ടറിയെ വിളിച്ചുവരുത്തി ഇതിനുവേണ്ടുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കണമെന്ന് പറയുകയും ചെയ്തു. ക്യാബിനറ്റാണ് തീരുമാനമെടുത്തത്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 10 കോടി രൂപ അനുവദിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഓരോ പ്രദേശത്തുമുള്ള വെള്ളക്കെട്ട് തടയുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന ധാരണയുണ്ടാകാൻ കാരണം....

വെട്ടിപ്പൊളിച്ച ഓടകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്ത് എല്ലാം പ്രദേശത്തും വർക്കുകൾ നടക്കുകയാണ്. തകരപ്പറമ്പ് മേൽപ്പാലം ഉദ്ഘാടനം ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിട്ടതാണ്. വഞ്ചിയൂർ റോഡ്, ആമയിഴഞ്ചാൻതോട് നാലുവരിപ്പാതയാക്കുന്ന പണി നടന്നുകൊണ്ടിരിക്കുന്നു. തമ്പാനൂരിലെ വെള്ളക്കെട്ട് തടയാൻ കോടിക്കണക്കിന് രൂപയുടെ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ഗവൺമെന്റ് ഇതിന് ആവശ്യമായ നിർദ്ദേശം നൽകിക്കൊണ്ട് നടപ്പാക്കുകയാണ്. ശ്രീ. വി. ശിവൻകുട്ടി പറഞ്ഞ ഒരു കാര്യം, ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് എന്തെങ്കിലും വീഴ്ചയുണ്ടെങ്കിൽ അക്കാര്യം ക്യാബിനറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലേയ്ക്ക് വേണ്ടുന്ന നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ വെള്ളപ്പൊക്കം ഏറ്റവും വലിയ പ്രശ്നമാണ്, അത് പരിഹരിക്കുന്നതിലേയ്ക്കും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി ഷോർട്ടേം പദ്ധതിയും ദീർഘകാല പദ്ധതിയുമായി രണ്ടായി തിരിച്ചിട്ടുണ്ട്. ശാശ്വത പരിഹരത്തിനുള്ള നടപടികളാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. അതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടാണ് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന ചില കാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. തീർച്ചയായും ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനുവേണ്ടി മന്ത്രിതല സബ്കമ്മിറ്റി തന്നെ രൂപീകരിച്ചിട്ടുണ്ട്. എല്ലാ മന്ത്രിമാരും വിവിധ വകുപ്പുകളുടെ കോ-ഓഡിനേഷനുണ്ടാക്കുന്നതിന് ക്യാബിനറ്റിൽ തീരുമാനിച്ചിട്ടുണ്ട്. മന്ത്രിതല യോഗം ചേരുന്നതിന് തീരുമാനമെടുത്തുകൊണ്ട് ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. ദിവാകരൻ: സർ, നഗരത്തിലെ വെള്ളക്കെട്ട് തടയുന്നതിനുവേണ്ടി ഗവൺമെന്റ് ചെയ്യുന്ന നടപടികളിൽ ഞങ്ങളാരും എതിരല്ല. ഞങ്ങളും ഇവിടെ ജനിച്ചവരാണ്. ജനപ്രതിനിധികളുമാണ്. ഭൂമിശാസ്ത്രമൊന്നും നോക്കേണ്ട. ബഹുമാനപ്പെട്ട സ്പീക്കറും, ശ്രീ. കെ. മുരളീധരനും തിരുവനന്തപുരത്തുള്ളവരാണ്. ഞങ്ങളുടെ എം.എൽ.എ.മാരെക്കൂടി ഉൾപ്പെടുത്തി യോഗം വിളിച്ച് ചർച്ച ചെയ്യാൻ എന്താണ് തടസ്സം? ഞങ്ങളെക്കൂടി വിശ്വാസത്തിലെടുക്കണ്ടേ. ഇതെല്ലാം നിങ്ങളുടെ കുത്തകയാണോ? നിങ്ങൾക്ക് പത്തുകോടി കിട്ടിയ ഉടനെ അനുവദിച്ചു, നിങ്ങളുടെ ഖജനാവ്, നിങ്ങളുടെ ഭരണം അങ്ങനെയാണോ? പ്രതിപക്ഷത്തെ ഒരുകാര്യത്തിലും

പങ്കെടുപ്പിക്കുന്നില്ല. അത് ശരിയല്ല.

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടിക്ക് ആവശ്യത്തിന് സമയമനുവദിച്ചു. അങ്ങ് ഇരിക്കു. രണ്ടു മന്ത്രിമാർ മറുപടി പറഞ്ഞു. എല്ലാവർക്കും മനസ്സിലായി. അങ്ങ് ഉന്നയിച്ചത് ന്യായമായ ആവശ്യമാണ്. അതിന്റെ ഗൗരവം എല്ലാവർക്കും മനസ്സിലായി. അതുകൊണ്ടുതന്നെയാണ് രണ്ട് മന്ത്രിമാർ മറുപടി പറഞ്ഞത്. അങ്ങ് ദയവായി ഇരിക്കു.

## പ്രാർത്ഥനാ ഗാനം

ശ്രീ. വർക്കല കഹാർ: സർ, ശ്രീ. വി. ശിവൻകുട്ടി ***** ഇത്......... (ബഹളം)....... എന്റെ സ്നേഹിതൻ വി. ശിവൻകുട്ടിക്ക് അക്കാര്യത്തിൽ പരാതിയുണ്ടെങ്കിൽ ഞാൻ അത് പിൻവലിക്കുന്നു. ........(ബഹളം).......

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞത് പിൻവലിച്ചു. ശ്രീ. വർക്കല കഹാർ അങ്ങയുടെ സബ്മിഷനിലേയ്ക്ക് വരൂ. ശ്രീ. വി. ശിവൻകുട്ടി സീറ്റിലേയ്ക്ക് പോകു. ശ്രീ. വർക്കല കഹാർ പറഞ്ഞതെല്ലാം പിൻവലിച്ചു. അങ്ങ് സീറ്റിലേയ്ക്ക് പോകു.

ശ്രീ. വർക്കല കഹാർ: സർ, ശ്രീനാരാണ ഗുരുദേവൻ ദൈവദശകം രചിച്ചിട്ട് ഒരു നൂറ്റാണ്ട് കഴിഞ്ഞിരിക്കുന്നു. നൂറ്റാണ്ട് തികഞ്ഞതിന്റെ ആഘോഷ പരിപാടികൾ ഇന്ത്യാ രാജ്യം മുഴുവനും സംഘടിപ്പിക്കുകയുണ്ടായി. നമ്മുടെ

---

* പിൻവലിച്ചു.

സമൂഹത്തിലെ വിദ്യാഭ്യാസ വിചക്ഷണൻമാർ, സാംസ്കാരിക നായകൻമാർ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും നേതാക്കൻമാർ, ജനപ്രതിനിധികൾ തുടങ്ങി രാജ്യം മുഴുവൻ ഈ പരിപാടികളിൽ പങ്കെടുക്കുകയുണ്ടായി. നമ്മുടെ ഉപരാഷ്ട്രപതി തന്നെ ഇതുമായി ബന്ധപ്പെട്ട പരിപാടിയിൽ ഡൽഹിയിൽ പങ്കെടുത്തു. ഒരു മതത്തിന് അതീതമായി ഏതൊരു മനുഷ്യനും ഹൃദയം കൊണ്ട് നടത്താവുന്ന പ്രാർത്ഥനയാണ് ദൈവദശകം. പാശ്ചാത്യ പൗരസ്ത്യ ദൈവസങ്കൽപ്പങ്ങളുടെ അന്തസത്ത ഉൾക്കൊള്ളുന്നതാണ് ദൈവദശകം. മനുഷ്യനും ദൈവവും തമ്മിലുള്ള പാരസ്പര്യം ഏറ്റവും ആഴത്തിൽ ഉള്ളതാണെങ്കിലും അതിനെ ഏറ്റവും ലളിതമായ രീതിയിൽ വിശദീകരിക്കുന്നുവെന്നതാണ് ദൈവദശകത്തിന്റെ സവിശേഷത. ......യഥാർത്ഥത്തിൽ ശ്രീ. സി. ദിവാകരാ, അന്ന വസ്ത്രാദി തന്നു നമ്മളെ, അതിൽ കോഴിമുട്ടയും പാലും വരും..... ഭാരതീയ മനസ്സുൾക്കൊള്ളുന്ന മതേതര കാഴ്ചപ്പാട് ദൈവദശകത്തിൽ അടങ്ങിയിട്ടുണ്ട്. സവിശേഷത കണക്കിലെടുത്തുകൊണ്ട് ദൈവദശകം പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തേണ്ടത് അനിവാര്യമാണ്. നമ്മുടെ സ്കൂളുകളിൽ ദൈവദശകം പ്രാർത്ഥനാഗാനമായി സ്വീകരിക്കാൻ നടപടി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. അതോടൊപ്പം പ്രാർത്ഥനാ ഗാനങ്ങൾ ആഴ്ചയിൽ ഒരു ദിവസമെങ്കിലും

ഉൾപ്പെടുത്താൻ ഗവൺമെന്റ് ആലോചിക്കണം. എല്ലാ കക്ഷികളും ഇക്കാര്യത്തിൽ ഒരേ കാഴ്ചപ്പാടിലെത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീനാരായണ ഗുരുദേവൻ രചിച്ച 10 ശ്ലോകങ്ങൾ അടങ്ങിയ ദൈവദശകത്തിന്റെ ശതാബ്ദി ആഘോഷങ്ങൾ അന്തർദ്ദേശീയതലത്തിൽ ആചരിച്ച വർഷമാണിത്. ലളിതവും സംഗീതാത്മകവും ഭാവഗാംഭീര്യവുമാർന്ന പ്രാർത്ഥനയാണ് ദൈവദശകം. ഇതിന് കാലക്രമമായ മഹത്വവും പ്രസക്തിയുമുണ്ട്. ദൈവദശകത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച ദൈവദശകം ഗുരുദേവന്റെ ചിത്രമടക്കം അച്ചടിച്ച് കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നൽകാൻ തീരുമാനിച്ചു. വിദ്യാഭ്യാസ വകുപ്പ് മുൻകൈയെടുത്ത് ഇതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതുപോലെ സാംസ്കാരിക വകുപ്പിന്റെ ചുമതലയിലുള്ള ശ്രീനാരായണഗുരു അന്തർദ്ദേശീയ പഠനകേന്ദ്രം, ശതാബ്ദിയുമായി ബന്ധപ്പെട്ടുകൊണ്ട് നിരവധി പഠനപ്രചാരണ സംരംഭങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനുപുറമെ കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഗുരുദേവ ദർശനങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയത് ഈ സർക്കാരിന്റെ കാലത്താണ്. ഇതിനോടകം തന്നെ 7

ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ വിദ്യാഭ്യാസ വകുപ്പ് മുൻകൈയെടുത്തുകൊണ്ട് ഗുരുദേവ ദർശനങ്ങൾ ഉൾപ്പെടുത്തിക്കഴിഞ്ഞു. രണ്ടാം ഘട്ടമായി ഹയർ സെക്കന്ററി തലത്തിൽ ഉൾപ്പെടുത്താൻ വേണ്ടിയുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനുപുറമെ ദൈവദശകത്തിന്റെ ദാർശനികമായ മൂല്യങ്ങൾ വിലയിരുത്തിക്കൊണ്ട് പി.ആർ.ഡി. 'ദൈവദശകം ദിവ്യാനുഭൂതിയുടെ കാവ്യസൗന്ദര്യം' എന്ന സമഗ്രമായ പുസ്തകം പ്രസിദ്ധീകരിക്കുന്നുണ്ട്. ഗുരുദേവ ദർശനങ്ങളാണെങ്കിലും ദൈവദശകമാണെങ്കിലും ഒരു കാലത്തുമുണ്ടാകാത്ത രീതിയിൽ പ്രചരിപ്പിക്കാനും പഠിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് പ്രാർത്ഥനാഗീതത്തിന്റെ കാര്യമാണ്. ഇപ്പോൾ ഏതെങ്കിലും ഒരു പ്രാർത്ഥനാഗീതം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്വീകരിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചിട്ടില്ലെന്ന് അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

## ബാലനീതി നിയമം

ശ്രീ. പി. റ്റി. എ. റഹീം: സർ, ബാലനീതി നിയമവും ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻ നിയമവും രണ്ട് കേന്ദ്ര നിയമങ്ങളാണ്. തികച്ചും രണ്ട് ആവശ്യങ്ങൾക്കുവേണ്ടിയാണ് പാർലമെന്റ് ഈ രണ്ട് നിയമനിർമ്മാണം

നടത്തിയിട്ടുള്ളത്. ഏതെങ്കിലും ഒരു നിയമമനുസരിച്ച് സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്താൽ മതിയെന്നാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്പഷ്ടീകരണം നൽകിയിരുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്നും ഓർഫനേജുകളിലേയ്ക്ക് കുട്ടികളെ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട ഒരു കേസിന്റെ വിധിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പറയുന്നത് ബാലനീതി നിയമത്തിന്റെ കൂടി അടിസ്ഥാനത്തിൽ ഓർഫനേജുകൾ രജിസ്റ്റർ ചെയ്യണമെന്നാണ്. ഇത് ഗുരുതരമായ ഭവിഷ്യത്ത് ഉണ്ടാക്കുന്നതാണ്. മാത്രമല്ല 18 വയസ്സിനു താഴെയുള്ള കുട്ടികളെ താമസിപ്പിക്കുന്ന ഏതൊരു സ്ഥാപനവും ബാലനീതി നിയമത്തിൽ കൂടി രജിസ്റ്റർ ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിൽ പറയുന്നത്. നമ്മുടെ നാട്ടിൽ നിരവധി സെമിനാരികൾ, പള്ളികളിൽ നടക്കുന്ന പഠനകേന്ദ്രങ്ങൾ, ഖുർ-ആൻ മന:പാഠമാക്കുന്ന കേന്ദ്രങ്ങൾ ഇതൊക്കെ 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളെ താമസിപ്പിച്ച് പഠിപ്പിച്ചുകൊണ്ടിരിക്കുന്നതാണ്. മണ്ണാർക്കാട് ദാരുൾ ഫുർഖാൻ എന്ന സ്ഥാപനം അടച്ചുപൂട്ടിയിരിക്കുകയാണ്. അതേയവസരത്തിൽ പള്ളി ദറസ്സുകൾക്കോ 18 വയസ്സു താഴെ വിദ്യാഭ്യാസം നൽകുന്ന സെമിനാരികൾക്കോ അതുപോലെയുള്ള സ്ഥാപനങ്ങൾക്കോ ലൈസൻസ് നൽകുവാൻ സർക്കാർ ഒരു അധികാര സ്ഥാപനത്തെ നിശ്ചയിച്ചിട്ടില്ല. ആ ഒരു സാഹചര്യത്തിൽ ഇത്തരം

സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ പ്രയാസമനുഭവിക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ പുറപ്പെടുവിച്ച ഓർഡറാണ് ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്തിട്ടുള്ളത്. അതിനെതിരെ ഗവൺമെന്റ് അപ്പീൽ പോകണമെന്നതാണ് എന്റെ ആവശ്യം. ഇല്ലെങ്കിൽ ഈ രാജ്യത്തെ അനാഥാലയങ്ങൾ അടച്ചുപൂട്ടേണ്ട ഗുരുതരമായ സാഹചര്യമുണ്ടാകും. കേന്ദ്ര ഗവൺമെന്റ് രണ്ട് ആവശ്യങ്ങൾക്കുവേണ്ടിയാണ് ഈ രണ്ട് നിയമങ്ങളുണ്ടാക്കിയത്. അത് ഒരുപാട് നിയമജ്ഞരുമായി ആലോചിച്ചുണ്ടാക്കിയ നിയമമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധക്ഷാന്തി കാണിക്കണമെന്ന് അഭ്യർത്ഥിക്കാനാണ് എന്റെ സബ്മിഷൻ.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഓർഫനേജുകളും അവിടെ താമസിക്കുന്ന കുട്ടികളെയും സംബന്ധിച്ച വിധിയാണ് പ്രസ്തുത കേസിൽ 14259/14, 6057, 23875/14, 15844/15 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. പള്ളി ദറസ്സുകൾ, ഖുർ-ആൻ കോളേജുകളും പോലെയുള്ള മത സ്ഥാപനങ്ങളുടെ വിഷയം ഈ കേസിൽ പരിഗണിക്കുകയോ ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല. കെയർ ആന്റ് പ്രൊട്ടക്ഷനുവേണ്ടി 18 വയസ്സിനു താഴെയുള്ള കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങളും ഓർഫനേജുകളും

ജൂവനൈൽ ജസ്റ്റിസ് ആക്ടിൽ രജിസ്റ്റർ ചെയ്യണമെന്ന ജൂവനൈൽ ജസ്റ്റിസ് ആക്ട് സെക്ഷൻ 34(iii)-ലെ വ്യവസ്ഥ നടപ്പിലാക്കണമെന്നാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ഓർഫനേജ് ആക്ടിൽ 'ഹോം' എന്ന് നിർവ്വചിച്ചിരിക്കുന്നത് കെയർ, പ്രൊട്ടക്ഷൻ, വെൽഫയർ എന്നിവയ്ക്കുവേണ്ടി കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനമെന്നാണ്. ഇത്തരം സ്ഥാപനങ്ങളിലെ പ്രവേശനത്തിന്റെ മാനദണ്ഡം കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാനമാണ്. ഗവൺമെന്റ് ഉത്തരവ് പ്രകാരം അനാഥാലയങ്ങളിൽ പ്രവേശനത്തിനുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. ജെ.ജെ. ആക്ടിന്റെ സെക്ഷൻ 2(d) യിൽപ്പെടുന്ന സ്ഥാപനങ്ങളെ മാത്രം ജെ.ജെ. ആക്ടിൽ രജിസ്റ്റർ ചെയ്താൽ മതിയെന്നും മറ്റു കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങളെ ഓർഫനേജ് ആക്ടിൽ രജിസ്റ്റർ ചെയ്താൽ മതിയെന്നും 10.02.2010-ലെ മുൻ സർക്കാർ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് സ്ഥാപനങ്ങൾ പ്രവർത്തിക്കാവുന്നതാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സർക്കാർ അറിയിച്ചിരുന്നതുമാണ്. ഓർഫനേജ് ആക്ടിൽ കെയർ ആന്റ് പ്രൊട്ടക്ഷൻ എന്നത് പ്രത്യേകം നിർവ്വചിക്കുന്നില്ല. എന്നാൽ ജെ.ജെ. ആക്ടിൽ child in need of care and protection ഏത് വിഭാഗത്തിൽപ്പെടുന്നതെന്ന് section 2(d) യിൽ നിർവ്വചിച്ചിരിക്കുന്നു. ഇപ്രകാരം നിർവ്വചിച്ചിരിക്കുന്നതാണ്

സർക്കാർ ഈ നിലപാടിൽ സ്വീകരിച്ചത്. എന്നാൽ ഓർഫനേജ് ആക്ടിലെ care protection welfare ഉം JJ Act-ലെ child in need of care and protection എന്നതും ഒന്നുതന്നെയാണെന്ന നിലയിലാണ് കോടതി വിധി വന്നിട്ടുള്ളത്. 16.12.2013-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവിൽ അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മണ്ണാർക്കാട് ദാരുൾ ഫുർഖാൻ എന്ന സ്ഥാപനം 17.02.2014-ൽ പാലക്കാട് ജില്ലാ കളക്ടർ അടച്ചുപൂട്ടുകയുണ്ടായി. തുടർന്ന് 02.03.2015-ൽ ഈ സ്ഥാപനം അംഗീകാരത്തിനുവേണ്ടി ഓർഫനേജ് കൺട്രോൾ ബോർഡിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന് അംഗീകാരം കൊടുക്കുന്നതിനെ എതിർത്തുകൊണ്ട് സമീപത്ത് അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ബീരാൻ ഔലിയ ഗേൾസ് ഓർഫനേജ് ബോർഡിൽ പരാതി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള അന്വേഷണം ജില്ലയുടെ ചാർജ്ജുള്ള ബോർഡ് അംഗത്തിന്റെ പരിഗണനയിലാണ്. WP(C) 14256 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി 06.07.2005-ൽ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം സംബന്ധിച്ച് ഉത്തരവ് സർക്കാരിന് ലഭിച്ചിട്ടേയുള്ളൂ. ഒ.സി.ബി.-യും സർക്കാരിന്റെ ഭാഗമാണ്. അങ്ങും ഒ.സി.ബി.-യിലെ അംഗമാണ്. ഒ.സി.ബി. കൂടി ഇതിനെക്കുറിച്ച് എന്തുകൊണ്ട്

ചർച്ച ചെയ്യുന്നില്ല. ഒ.സി.ബി.-ക്ക് ഇതിൽ നിലപാട് എടുക്കാവുന്നതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം സുപ്രീം കോടതിയിൽ കൊടുത്തിട്ടുള്ള അഫിഡവിറ്റിൽ ഡബിൾ രജിസ്ട്രേഷൻ ആവശ്യമില്ലെന്നുള്ള നിലപാടാണ് സുപ്രീം കോടതിയിൽ നിന്നും വന്നിട്ടുള്ളത്. സർക്കാരിന്റെ ഭാഗമാണ് ഒ.സി.ബി. എന്നുള്ളതുകൊണ്ടാണ് ഒ.സി.ബി. കൂടുമ്പോൾ ഇതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഏതായാലും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നിയമവകുപ്പുമായും അഡ്വക്കേറ്റ് ജനറലുമായും കൂടി ആലോചിച്ച് ഇതിൽ അപ്പീൽ പോകേണ്ടതുണ്ടോ എന്നുള്ളതിനെക്കുറിച്ചുള്ള തീരുമാനമെടുത്തശേഷം സഭയെ അറിയിക്കുന്നതാണ്.

ശ്രീ. പി. റ്റി. എ. റഹീം: സർക്കാർ നേരത്തെ പുറപ്പെടുവിച്ച ഉത്തരവാണ് ക്യാൻസൽ ചെയ്തത്. അപ്പോൾ സർക്കാരല്ലേ അപ്പീൽ പോകേണ്ടത്.

ഡോ. എം. കെ. മുനീർ: ഒ.സി.ബി.-യും ഗവൺമെന്റിന്റെ ഭാഗമാണ്. എന്തുകൊണ്ട് ഒ.സി.ബി. ചേർന്ന് ഡിസിഷൻ എടുക്കുന്നില്ല എന്നുള്ള ചോദ്യമാണ് എനിക്ക് ചോദിക്കാനുള്ളത്. അങ്ങും ഇതിന്റെ ഭാഗമാണ്. അങ്ങ് കൂടി ആലോചിക്കേണ്ട കാര്യമാണ്.

## കാലോചിതമായി ശമ്പളം വർദ്ധിപ്പിക്കൽ

ശ്രീ. സി. പി. മുഹമ്മദ്: സർ, കേരളത്തിലെ ആയിരക്കണക്കിന് അംഗനവാടി

ടീച്ചർമാരുടെയും ആയമാരുടെയും ശമ്പളം കാലോചിതമായി വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. വളരെ കുറഞ്ഞ ശമ്പളമായിരുന്ന ഇവർക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് 5000 രൂപയിൽ എത്തിക്കാൻ സാധിച്ചത്. അംഗനവാടികളിലെ ജോലികൾ മാത്രമല്ല, വിവിധ സെൻസസുകൾ, പ്രതിരോധ കുത്തിവെയ്പ്പുകളടക്കം ധാരാളം അനുബന്ധ ജോലികൾ ഇവർ ചെയ്തുവരുന്നുണ്ട്. ടീച്ചർമാർക്ക് ഇപ്പോൾ 5000 രൂപയും ആയമാർക്ക് 3000 രൂപയുമാണ് നൽകി വരുന്നത്. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ കൂലി വരെ വർദ്ധിപ്പിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചത് നാമമാത്രമായിട്ടാണ് എന്നു ഞാൻ പറയുന്നില്ല. എന്നാലും നിലവിലുള്ള ശമ്പളം കൊണ്ട് ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ സാധിക്കുകയില്ല. അതിനാൽ ടീച്ചർമാർക്ക് 7000 രൂപയും ആയമാർക്ക് 4500 രൂപയുമായി ശമ്പളം വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പഞ്ചായത്തുകൾ നൽകുന്ന 100 രൂപ വിഹിതം 1000 രൂപയാക്കി വർദ്ധിപ്പിക്കുകയും ബാക്കി 1000 രൂപ സർക്കാർ അനുവദിക്കുകയും വേണം. നാട്ടിൻപുറങ്ങളിൽപോലും സാധാരണ സ്ത്രീതൊഴിലാളികൾക്ക് 400-450 രൂപ കൂലി നൽകുമ്പോൾ ബിരുദവും ബിരുദാനന്തര ബിരുദവുമുള്ള ഈ അദ്ധ്യാപികമാർക്ക് അവരുടെ

യോഗ്യതയ്ക്കനുസരിച്ചുള്ള ശമ്പളം ലഭിക്കുന്നില്ലെന്നുള്ളത് കഷ്ടമാണ്. സർക്കാർ ജീവനക്കാർക്ക് ശമ്പളക്കമ്മീഷൻ വഴി അഞ്ചുവർഷത്തിലൊരിക്കൽ ശമ്പളവർദ്ധനവ് നൽകുന്ന ഒരു രാജ്യത്ത് ഈ പാവപ്പെവട്ടവർ ഇത്രയും കുറഞ്ഞ ശമ്പളത്തിന് ജോലി ചെയ്യുന്നത് നാടിനു തന്നെ അപമാനമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ വേണ്ട താല്പര്യമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: സർ, അംഗനവാടി ജീവനക്കാർക്ക് കൊടുക്കുന്ന ഓണറേറിയം 15000 രൂപയായി വർദ്ധിപ്പിക്കുക, അംഗപരിമിതരുടെ സർവ്വേ നടത്തുന്നതിന് ഇപ്പോൾ അവർക്ക് കൊടുക്കുന്നത് 5 രൂപയാണ്. അത് 15 രൂപയായി വർദ്ധിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അവർ അങ്ങയെ വന്നുകാണുകയും മെമ്മോറാണ്ടം തരികയും ചെയ്തിരുന്നു. അക്കാര്യത്തെക്കുറിച്ചുകൂടി പരാമർശിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ഡോ. എം. കെ. മുനീർ</u>): സർ, കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.ഡി.എസ്. പദ്ധതിയുടെ കീഴിൽ ഓണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സംഘടനാ പ്രവർത്തകരാണ് അംഗനവാടി വർക്കർമാരും ഹെൽപ്പർമാരും. ഇവരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ല. കാരണം, സെൻട്രൽ ഗവൺമെന്റിന്റെ നിയമമനുസരിച്ചാണ്

അംഗനവാടി അനുവദിക്കുന്നത്. അംഗനവാടി വർക്കർ, ഹെൽപ്പർ തസ്തിക സൃഷ്ടിക്കുന്നതും ഓണറേറിയം നിശ്ചയിക്കുന്നതും കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന ഓണറേറിയത്തിന്റെ 90 ശതമാനം കേന്ദ്ര സർക്കാരും 10 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന ഓണറേറിയത്തിന്റെ 10 ശതമാനത്തിന് പുറമെ സംസ്ഥാന സർക്കാർ അംഗനവാടി പ്രവർത്തകർക്ക് സംസ്ഥാന വിഹിതമായും ഓണറേറിയം നൽകി വരികയും കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ കിഴീൽ പ്രവർത്തിക്കുന്ന 33115 അംഗനവാടികളിലായി 33115 വർക്കർമാരുടെയും 32986 ഹെൽപ്പർമാരുടെയും തസ്തിക നിലവിലുണ്ട്. ഇപ്പോൾ വർക്കർമാർക്ക് പ്രതിമാസം കേന്ദ്ര സർക്കാർ വിഹിതമായി 3000 രൂപയും ഹെൽപ്പർമാർക്ക് 1500 രൂപയും നൽകി വരുന്നു. സംസ്ഥാന വിഹിതമായി വർക്കർമാർക്കും ഹെൽപ്പർമാർക്കും 2000 രൂപ ഉൾപ്പെടെ വർക്കർക്ക് 5000 രൂപയും ഹെൽപ്പർക്ക് 3500 രൂപയും പ്രതിമാസം ലഭിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓണറേറിയത്തിൽ വരുത്തിയ വർദ്ധനവ് പറയുകയാണെങ്കിൽ, ഈ ഗവൺമെന്റ് വന്ന സമയത്ത് 2010 രൂപയാണ് വർക്കർമാർക്ക് കിട്ടിയിരുന്നത്. എന്നാൽ 2010-11 മുതൽ 2014-15 വരെയുള്ള

കാലഘട്ടങ്ങളിലൂടെ 5000 രൂപ വരെ ഉയർത്തിയത് ഈ ഗവൺമെന്റ് വന്നതിനുശേഷമായിരുന്നു. വർക്കർമാരുടെ ഓണറേറിയം 2050 രൂപയും ഹെൽപ്പർമാരുടെ 1300 രൂപയുമായിരുന്നു. അതിനുശേഷം മൂന്ന് തവണകളായി സംസ്ഥാന വിഹിതം 550 രൂപയിൽ നിന്ന് 2000 രൂപയായി ഉയർത്തിയിട്ടുണ്ട്. കേന്ദ്ര വിഹിതം വർക്കർമാർക്ക് 1500 രൂപയിൽ നിന്ന് 3000 രൂപയായി വർദ്ധിപ്പിക്കുകയും ഹെൽപ്പർമാർക്ക് 750 രൂപയിൽ നിന്ന് 1500 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി 600 രൂപ കൂടി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അക്കാര്യം ഇന്ന് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായും ഞങ്ങളുടെ പാർട്ടി ലീഡറുമായി സംസാരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 600 രൂപ ഈ വർഷം തന്നെ കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി ഉറപ്പുനൽകിയ കാര്യം ഞാൻ ഈ സഭയെ അറിയിക്കുകയാണ്. സർവ്വെ നടത്തുന്നതിന് 5 രൂപ, 15 രൂപയായി കൊടുക്കണമെന്നതുമായി ബന്ധപ്പെട്ട് വരുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം. യഥാർത്ഥത്തിൽ അംഗനവാടി വർക്കേഴ്സ് ചെയ്യേണ്ട ജോലിക്ക് ഒരു ഇൻസെന്റീവ് എന്ന നിലയിലാണ് അഞ്ച് രൂപ കൊടുക്കാൻ തീരുമാനിച്ചത്. അവർ ചെയ്യേണ്ട ജോലി തന്നെയാണത്. ഡിസെബിലിറ്റി സർവ്വേ രണ്ട്

തരത്തിലാണുള്ളത്. ഹെൽത്ത് ഡിപ്പാർട്ട്മെന്റിലെ ജീവനക്കാർ സ്പെഷ്യാലിറ്റി വർക്കായിട്ടാണ് സർവ്വേ നടത്തുന്നത്. ഉദാഹരണത്തിന്, അംഗനവാടി വർക്കേഴ്സ് പോയി ഡിസെബിലിറ്റി ഉണ്ടോയെന്ന് നോക്കുക മാത്രമാണ് ചെയ്യുന്നത്. എന്നാൽ ഹെൽത്ത് ഡിപ്പാർട്ട്മെന്റിലെ വർക്കേഴ്സിന് ഈ ഡിസെബിലിറ്റികളെ 16-17 കാറ്റഗറിയായി തരംതിരിക്കേണ്ടതുണ്ട്. അവർക്ക് Ottism, dyslexia, മറ്റ് mental retardation തുടങ്ങിയവ ഉണ്ടോയെന്നുള്ളത് ചോദിച്ച് മനസ്സിലാക്കണം. അതിനുള്ള സ്പെഷ്യാലിറ്റിയൊന്നും അംഗനവാടി വർക്കേഴ്സിനില്ല. അതിന്റെ സ്പെഷ്യാലിറ്റി ഡീറ്റെയിലായി നോക്കുന്നത് ഹെൽത്ത് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരാണ്. അവർ നമുക്കുവേണ്ടി സ്പെഷ്യലായി ജോലി ചെയ്യുന്നതുകൊണ്ട് 15 രൂപയും വർക്കർമാർക്ക് അഞ്ച് രൂപയും നിശ്ചയിച്ചു. അതിപ്പോൾ 15 രൂപയാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നില്ല. അതിൽ ചെറിയ രീതിയിലുള്ള വർദ്ധനവ് കൊടുക്കാൻ പറ്റുമോയെന്ന് എ.സി.എസ്.-ഉം ഡയറക്ടറും ചേർന്ന് ആലോചിക്കുന്നുണ്ട്. അവരുടെ റിപ്പോർട്ട് ലഭ്യമായതിനുശേഷം ആവശ്യമായ വർദ്ധനവ് വരുത്തുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്. വേറൊരു കാര്യം എനിക്ക് ചെയ്യാൻ സാധിക്കുന്നത്, പഞ്ചായത്തുകൾ ഇപ്പോൾ ഇൻസെന്റീവായി മാസത്തിൽ കൊടുത്തുകൊണ്ടിരിക്കുന്ന 100 രൂപയെന്നുള്ളത് ഇന്നത്തെ കോ-ഓർഡിനേഷൻ

കമ്മിറ്റിയിൽ ചർച്ച ചെയ്ത് 1000 രൂപയാക്കി ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കുന്നതിന് ഞങ്ങൾ മുൻകയ്യെടുക്കുമെന്ന് പറയാനാഗ്രഹിക്കുകയാണ്. അതിന്റെകൂടെ ഈ 600 രൂപ കൂടി വരുന്ന സമയത്ത് അവർക്ക് ഏകദേശം 1500 രൂപ കൂടി കിട്ടുമ്പോൾ 5000 രൂപയെന്നത് 6500 രൂപയായി വർദ്ധിക്കും. ഹെൽപ്പർക്കും ആനുപാതികമായ വർദ്ധനവ് കൊടുക്കും. കാരണം, അംഗനവാടികളുടെ ഭാഗമായതുകൊണ്ട് ഹെൽപ്പറെ മാറ്റി നിർത്തുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അനുകൂലമായ നിലപാടാണെടുത്തിട്ടുള്ളത്. പക്ഷേ ഇത് നമ്മൾ ഗൗരവമായി കാണുകയും അംഗൻവാടി ജീവനക്കാർ സമരം ചെയ്യുമോയെന്നുള്ള കാര്യം നോക്കുന്നില്ല. രാഷ്ട്രീയ ലക്ഷ്യമില്ലാതെ ഇവർക്കുവേണ്ടി നിന്നിട്ടുള്ളത് ഈ സർക്കാരാണ്. ഇപ്പോൾ ഒരു സ്റ്റാറ്റ്യൂട്ടറി ബോർഡ് ഉണ്ടായിട്ടുണ്ട്. ഇക്കാലമത്രയും സ്റ്റാറ്റ്യൂട്ടറി ബോർഡ് ഉണ്ടായിട്ടുണ്ടോ? ബോർഡ് ഉണ്ടായത് മാത്രമല്ല സി.ഐ.ടി.യു.നും എ.ഐ.ടി.യു.സി.ക്കും ......

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ബിൽ കൊണ്ടുവന്നോ; എന്നാണ് കൊണ്ടുവരുന്നത്?

ഡോ. എം. കെ. മുനീർ: സർ, ഓർഡിനൻസ് ആയിട്ടുണ്ട്. അത് ബില്ലായി കൊണ്ടുവരുന്നതിനുള്ള നടപടിയെടുത്തു. അഥവാ ബില്ലായി വരുന്നില്ലെങ്കിൽ വീണ്ടും

ഓർഡിനൻസ് പുറപ്പെടുവിച്ചാൽ അത് ആക്ടിന് തുല്യമാണ്. അത് നിലവിൽ വന്നുകഴിഞ്ഞു. എല്ലാവരുടെയും വികാരം ഇതാണെന്ന് അറിയുന്നതുകൊണ്ട് അനുകൂലമായി ഗവൺമെന്റ് നിൽക്കും. മുഖ്യമന്ത്രി ഇക്കാര്യത്തെ സംബന്ധിച്ച് കുറച്ചുകാര്യങ്ങൾ കൂടി പരാമർശിക്കുന്നതാണ്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, അംഗനവാടികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് പുതിയ ഒരു ഭീഷണികൂടി ഉയർന്നുവന്നിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് അവരുടെ വിഹിതം കുറയ്ക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് 10 ശതമാനം കൂടുതൽ അനുവദിച്ച തുകയുള്ളതുകൊണ്ട് ഇതുപോലുള്ള കാര്യങ്ങളൊക്കെ സംസ്ഥാന ഗവൺമെന്റ് ചെയ്യുകയോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ നാമമാത്രമായ പങ്കാളിത്തം ഉണ്ടാവുകയോ ചെയ്യുക എന്നൊരു സമീപനമാണുള്ളത്. അവർ 10 ശതമാനം സംസ്ഥാനങ്ങൾക്ക് നൽകുന്നതിനേക്കാൾ കൂടുതൽ തുകയാണ് വെട്ടികുറയ്ക്കാൻ പോകുന്നത്. ഇന്ന് നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിലെല്ലാം വെട്ടിക്കുറയ്ക്കാനാണ് അവർ ശ്രമിക്കുന്നത്. അതിനോട് ശക്തമായ എതിർപ്പ് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. അതിന്റെ സബ് കമ്മിറ്റിയിൽ ഞാനുമുണ്ടായിരുന്നു. അംഗനവാടി, അതുപോലെ സ്കൂളുകളിൽ മാനസിക

വൈകല്യമുള്ള കുട്ടികൾക്കുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള റിസോഴ്സസ് ടീച്ചേഴ്സ്, Physically/mentally challenged ആയിട്ടുള്ളവർക്കുള്ള ക്ഷേമ പദ്ധതികൾ തുടങ്ങിയ കാര്യങ്ങളിൽ ഒരു കുറവും വരുത്താൻ പാടില്ലെന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ സമീപനം. തുടർന്നും ആ സമീപനം സ്വീകരിക്കും. അംഗനവാടികളുടെ കാര്യത്തിൽ മന്ത്രി വളരെ അനുഭാവപൂർവ്വമായ മറുപടിയാണ് പറഞ്ഞത്. ഗവൺമെന്റിനും ആ സമീപനം തന്നെയാണ്. അവർ നല്ല ജോലിയാണ് ചെയ്യുന്നത്, അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അവർ ചെയ്യുന്ന സേവനത്തിനനുസരിച്ചുള്ള അംഗീകാരം അവരുടെ വേതനത്തിന്റെ കാര്യത്തിൽ കിട്ടുന്നില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് അവരുടെ വേതനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

## യുനാനി ഡിസ്പെൻസറികൾ ആരംഭിക്കൽ

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ആരോഗ്യ മേഖലയിലെ ആയുഷ് വകുപ്പിൽ ഉൾപ്പെട്ട പുരാതന ചികിത്സാ സമ്പ്രദായമായ യുനാനിക്ക് വേണ്ട വിധത്തിലുള്ള പരിഗണന ലഭിക്കുന്നില്ലെന്ന യുനാനി ഡോക്ടർമാരുടെ പരാതിയാണ് ഞാൻ ഇവിടെ സബ്മിഷനായി ഉന്നയിക്കുന്നത്. ആയുർവേദ, യോഗ, യുനാനി, സിദ്ധ, ഹോമിയോ

ഇവയെല്ലാം കൂടി ചേർന്നതാണ് ആയുഷ്. അതിൽ ഉൾപ്പെട്ടിട്ടുള്ള യുനാനിയെ വേണ്ടവിധത്തിൽ പരിഗണിക്കുന്നില്ലെന്നുള്ളതാണ് അവരുടെ പരാതി. അതിപുരാതനം കാലംതൊട്ട് കേരളത്തിൽ പ്രചാരത്തിലുള്ളതും ജനങ്ങൾ അംഗീകരിച്ചിട്ടുള്ളതുമായ യുനാനിക്ക് വേണ്ടത്ര അംഗീകാരം സർക്കാരിന്റെ ഭാഗത്തുനിന്ന് ലഭിക്കുന്നില്ല. ആയുഷ് വകുപ്പിന്റെ കീഴിൽ ഉൾപ്പെട്ടിട്ടുള്ള ഈ വൈദ്യശാസ്ത്ര ശാഖയുമായി ബന്ധപ്പെട്ട് 1991-ൽ കാസർഗോഡ് സ്ഥാപിച്ച യുനാനി ഡിസ്പെൻസറി മാത്രമാണുള്ളത്. യുനാനി വൈദ്യശാസ്ത്രത്തെ മറ്റ് വൈദ്യശാസ്ത്രങ്ങളെ പോലെ വികസിപ്പിക്കുന്നതിന് മതിയായ സഹകരണം ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തുനിന്ന് ലഭിക്കുന്നില്ല. മലബാർ മേഖലയിലെ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടെ അധികാര പരിധിയിൽ യുനാനി ഡിസ്പെൻസറികൾ തുടങ്ങുവാൻ പ്രാഥമിക സൗകര്യങ്ങൾ നൽകാമെന്ന് അറിയിച്ചിട്ടും അനുകൂലമായ തീരുമാനം ഇതുവരെയുണ്ടായിട്ടില്ല. യുനാനി ചികിത്സാ രീതി ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ വ്യാപകമാണ്. ഉത്തരേന്ത്യയിൽ മാത്രമല്ല കർണ്ണാടകയിലും തമിഴ്നാട്ടിലും ഈ ചികിത്സാ രീതിയെ നല്ല രീതിയിൽ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ആയുഷിൽപ്പെട്ട മറ്റ് ചികിത്സാ രീതികൾക്ക് നാം നൽകുന്ന പ്രോത്സാഹനവും പിന്തുണയും യുനാനിക്കും നൽകണം. എൻ.എച്ച്.എം. ഫണ്ടിൽ നിന്ന് ആയുഷിന്

അനുവദിച്ച ഫണ്ടിൽ വിനിയോഗിച്ചത് കേവലം 80 ശതമാനത്തിൽ താഴെയാണ്. 20 ശതമാനം തുക വിനിയോഗിക്കാതെ ലാപ്സാക്കി കളഞ്ഞിട്ടും അതിൽ നിന്നുപോലും ഒരു വിഹിതവും യുനാനി ചികിത്സയുടെ വികസനത്തിനും വ്യാപനത്തിനും വേണ്ടി നൽകാൻ തയ്യാറായിട്ടില്ല. കേരളത്തിൽ യുനാനി ഡോക്ടർമാരുടെയും യുനാനി ചികിത്സയെ ആശ്രയിക്കുന്ന രോഗികളുടെയും എണ്ണം കൂടി വരുന്ന പശ്ചാത്തലം കൂടി നമ്മൾ ഈ സാഹചര്യത്തിൽ പരിഗണിക്കണം. മലബാറിലെ ചില മേഖലകളിൽ യുനാനി ഡിസ്പെൻസറികളും യുനാനി ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നുള്ളതാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, പുരാതന ചികിത്സാ സമ്പ്രദായങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന നയമാണ് സർക്കാർ എടുത്തിട്ടുള്ളത്. ഈ ഉദ്ദേശത്തോടുകൂടിയാണ് നമ്മുടെ ദീർഘകാല ആവശ്യമായ ആയുഷ് വകുപ്പ് രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം അടുത്ത മാസം 5-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയാണ്. ഇതോടെ നമ്മുടെ തനത്

ചികിത്സാ സമ്പ്രദായങ്ങളായ ആയുർവ്വേദം, യുനാനി, നാച്ചുറോപ്പതി, സിദ്ധ, ഹോമിയോ വിഭാഗങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങൾക്കും വളർച്ചയ്ക്കും നാന്ദി കുറിക്കാൻ കഴിയുമെന്ന് കരുതുന്നു. സംസ്ഥാനത്ത് നിലവിൽ ഒരു സർക്കാർ യുനാനി ഡിസ്പെൻസറിയും എൻ.എച്ച്.എം. ഫണ്ടിംഗ് മുഖേന 18 താല്ക്കാലിക ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നുണ്ട്. മലപ്പുറം ജില്ലയിലെ വളാഞ്ചേരി, കോട്ടയ്ക്കൽ, അങ്ങാടിപ്പുറം, എടരിക്കോട്, എറണാകുളം ജില്ലയിലെ ആലുവ എന്നീ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും യുനാനി ഡിസ്പെൻസറികൾ ആരംഭിക്കണമെന്നുള്ള നിവേദനം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ റിപ്പോർട്ടിനായി അയച്ചിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമായതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. യുനാനി ഡിസ്പെൻസറികൾ ആരംഭിക്കാൻ 2014-15 വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നില്ല. സംസ്ഥാനത്ത് ആയുർവ്വേദം, ഹോമിയോ ആശുപത്രികളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും അവ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. പുതുതായി നിലവിൽ വന്ന പഞ്ചായത്തുകൾ ഒഴികെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ഡിസ്പെൻസറികൾ തുടങ്ങിക്കഴിഞ്ഞു. ഈ സർക്കാർ വന്നതിനുശേഷം 110 ഹോമിയോ

ആശുപത്രികളാരംഭിച്ചു. എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയാണ്. 2014-15-ൽ നാഷണൽ ഹെൽത്ത് മിഷൻ മുഖേന കൂടുതൽ ആയുഷ് മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള തുക അനുവദിച്ചിട്ടില്ല. എന്നിരുന്നാലും, ആയുഷ് ഡിപ്പാർട്ട്മെന്റ് നിലവിൽ വരുന്ന സാഹചര്യത്തിൽ, ആയുർവ്വേദം, ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്നതുപോലെ, യുനാനി ഡിസ്പെൻസറികൾ കേരളത്തിൽ കൂടുതലായി ആരംഭിക്കുന്നതിനെക്കുറിച്ച് സർക്കാർ തീർച്ചയായും പരിഗണിക്കുന്നതാണ്. എൻ.എച്ച്.എം. ഫണ്ടിൽ 80 ശതമാനമാണ് ചെലവഴിച്ചതെന്ന് അദ്ദേഹം പറഞ്ഞത് ശരിയല്ല. കേന്ദ്ര ഫണ്ട് ലഭ്യമാകുന്നതിനെക്കാൾ കൂടുതൽ തുക ഇവിടെ ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഈ ആവശ്യം പരിശോധിച്ചിട്ട് തീർച്ചയായും അതിനുവേണ്ടുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.